മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നതു്.

പുസ്തകം 4 | 1949 നവംബർ * തുലാം 1125 | ലക്കം 1



വി. പരുമലെ തിരുമേനിയുടെ കബറിടം.

സ്ഥാനത്തിൽ സംസ്ക്കരിച്ചു എന്നാണ 1 മുതൽ 15 വരെയുള്ള ശതവർഷക്കാലങ്ങളിലെ ലിബറൽ പോണ്ടിഫിക്കസ് എന്ന പാപ്പാചരിത്രത്തിൽ പ്രസ്താവിച്ചിരുന്നതു്. സെൻറ് പീററിൻെറ ശവകുടീരത്തിന്റ മുകളിൽ ഒരു മനോഹരമായ പള്ളി പണികഴിപ്പിച്ച കോൺസ്റ്റൻറയിൻ ചക്രവത്തി സെൻറ് പീററിൻെറ ഭൗതികാവശിഷ്ടങ്ങൾ 40 ടൺ ഓട്ടുകൊണ്ടു് ആവരണം ചെയ്തു 30 റാത്തൽ സ്വർണ്ണംകൊണ്ടു് ഒരു കുരിശു പണികഴിപ്പിച്ചുവച്ചതായിട്ടാണ ക്രിസ്ത്യൻ ഐതിഹ്യം. എന്നാൽ പിൽക്കാലത്തു് വിദേശികളായ അക്രമികളിൽ നിന്നും മറച്ചുവയ്ക്കുന്നതിനു മണ്ണിട്ടു മൂടുകയാൽ ശവകുടീരത്തിൻെറ യഥാത്ഥ സ്ഥാനം ഇതുവരെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല........ ഇപ്പോൾ വി. പത്രോസിൻെറ കല്ലറ മാത്രമല്ല, അസ്ഥികളും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതായി ന്യൂയോർക്ക് ടൈംസിൽ വത്തിക്കാൻ ലേഖകൻെറ ഒരു വാത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ ഓടിലോ സ്വർണ്ണത്തിലോ പൊതിഞ്ഞല്ല അവ കാണപ്പെടുന്നതു്. 1900 വർഷങ്ങൾ പഴക്കമുള്ള ആ അസ്ഥിക്കഷണങ്ങൾ ദേവാലയത്തിൻെറ 29 അടി താഴെ ഒരു മൺപാത്രത്തിലാണ കാണപ്പെടുന്നതു്. (മ. മ. 1949 സെ. 29) 40 ടൺ ഓട്ടും 30 റാത്തൽ സ്വർണ്ണവും ഒരു മൺപാത്രമായി രൂപാന്തരപ്പെട്ടിരിക്കുന്നു എന്ന ഈ വാത്ത വളരെ വിചിത്രമായിരിക്കുന്നു. വത്തിക്കാനു "ദൈവദ്രോഹമായ അപ്രമാദിത്വവും മനുഷ്യദ്രോഹമായ അപ്രമാദിത്വവും" ഉണ്ടെന്നു ഘോഷിക്കുന്നവരല്ലാതെ മററാരെങ്കിലും ഈ വാത്ത വിശ്വസിക്കുമോ?

സഭാപരിവത്തനം.

കന്നി 8

പൂവർ സ്വദേശികളായ ഇരുന്നൂറോളം ലത്തീൻകത്തോലിക്കർ മാർത്തോമ്മാ സഭയിൽ ചേർന്നിരിക്കുന്നു.

(മലയാളമനോരമ 125 കന്നി 10)

എന്തു്! കത്തോലിക്കസഭ ആളുപിടിച്ചു നടന്നിട്ടു് അവിടെനിന്നും പരിവത്തനമോ?

കുരിശുംതൊട്ടി കൂദാശ.

കൊല്ലം ഇടവകയുടെ നി. വ ദി. ശ്രീ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കഴിഞ്ഞ കന്നി 16-ാംനു- രാവിലെ വി. കുർബ്ബാനാനന്തരം കുണ്ടറ പള്ളിമുററത്തു പണിതീർത്തിട്ടുള്ള കുരിശുംതൊട്ടി കൂദാശചെയ്തിരിക്കുന്നു. തദവസരത്തിൽ കുരിശിൻെറ മാഹാത്മ്യത്തെപ്പററി തിരുമനസ്സുകൊണ്ടു കല്പിച്ചു പ്രസംഗിക്കയുണ്ടായി. വമ്പിച്ച ഒരു ജനാവലിയും ഒട്ടനവധി പട്ടക്കാരും ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

അദ്ധ്യാപകസമ്മേളനങ്ങൾ.

പാമ്പാടി സെൻറർ സൺഡേസ്കൂൾ അദ്ധ്യാപകമീററിങ്ങ കന്നി 8-ാംതിയതി കോത്തല സെഹിയോൻപള്ളിയിൽവച്ചു കൂടി. ദിവ്യശ്രീ വി.കെ.മാത്യുകശീശാ ബി എ ബി ഡി. അവർകളുടെ ക്ലാസ്സും, ദിവ്യശ്രീ കടവുംഭാഗത്തു തോമ്മസ് ശെമ്മാശ്ശൻ ബി എ. എൽ.റ്റി. അവർകളുടെ പ്രസംഗവും ഉണ്ടായിരുന്നു. സന്നിഹിതരായവർക്കു പള്ളിയിൽനിന്നും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകപ്പെട്ടു.

നിരണം സെൻറർ സൺഡേസ്കൂൾ അദ്ധ്യാപകസമ്മേളനം കടപ്ര സെൻറ് ജോർജ്ജ് പള്ളിയിൽവച്ചു തുലാം 7-ാംതിയതി ഫാ. കെ. ഡേവിഡ് ബി.എ. ബി ഡി-യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഉത്തേജജനകങ്ങളായ പ്രസംഗങ്ങളും ക്ലാസ്സുകളും ഉണ്ടായിരുന്നു. മീററിങ്ങിൽ 120-ൽപരം പേർ സന്നിഹിതരായിരുന്നു. പള്ളിയിൽനിന്നും വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും കാപ്പിയും നൽകപ്പെട്ടു.

കാർത്തികപ്പള്ളി സെൻറർ അദ്ധ്യാപകയോഗം ചേപ്പാട്ടുപള്ളിയിൽവച്ചു കന്നി 23-ാംതിയതി ഫാ.കെ. ഡേവിഡ് ബി.എ ബി ഡിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങളും ക്ലാസ്സുകളും ഉണ്ടായിരുന്നു. സന്നിഹിതരായ അദ്ധ്യാപകന്മാർക്കു പള്ളിയിൽനിന്നും കേമമായ സദ്യ നൽകുകയുണ്ടായി.

മലങ്കരസഭ

പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്നത്.

പുസ്തകം 4 | 1949 നവംബർ * തുലാം 1125 | ലക്കം 1

പത്രാധിപക്കുറിപ്പുകൾ

വി: മാർ ഗ്രീഗോറിയോസ്.

പരിശുദ്ധ പിതാവായ പരുമലെത്തിരുമേനി കാലം ചെയ്തിട്ട് ഈ മാസം 17-ാംതീയതി 47 വർഷം പൂർത്തിയാകുന്നു. എങ്കിലും ഇന്നും അദ്ദേഹം മലങ്കരയിലെ അനേകായിരം ഭക്തജനങ്ങളുടെ ഹൃദയത്തിൽ ജീവിക്കുന്നു. അവർ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കയും വിവിധങ്ങളായ അവശതകൾക്കു പരിഹാരം നേടുകയും ചെയ്യുന്നു. അവിടുത്തെ സമാധിസ്ഥാനമായ പരുമലെ വി: കബറുങ്കൽ അനുഷ്ഠിക്കുന്ന പ്രാർത്ഥനാതപങ്ങളാൽ ഭൂതബാധിതരും രോഗികളും അത്ഭുതകരമാംവണ്ണം സൗഖ്യംപ്രാപിക്കുന്നു. മലങ്കരയിലെ വി: സഭ അദ്ദേഹത്തെ പരിശുദ്ധന്മാരുടെ പട്ടികയിൽ പരിഗണിച്ചിരിക്കുന്നു.

റോമാക്കാരുടെ ആക്രമണംകൊണ്ടു ശുഷ്കിച്ചും പ്രൊട്ടസ്റ്റൻറു മിഷ്യണറിമാരുടെ പ്രവൎത്തനങ്ങൾകൊണ്ടു ക്ഷീണിച്ചും ഇരുന്ന സഭയിൽ ഉണ്ടായ നവീകരണ ആശയങ്ങളേയും തജ്ജന്യമായ വിപ്ലവങ്ങളെയും എങ്ങനെ നേരിടുമെന്നു സഭാനേതാക്കന്മാർ ചിന്തിച്ചും ഭ്രമിച്ചും ഇരുന്ന ഒരു കാലയളവിലാണു വി. പിതാവ് രംഗപ്രവേശം ചെയ്തതു്. ലോകപ്രകാരം ഉൽകൃഷ്ടവിദ്യാഭ്യാസമോ വശീകരണശക്തിയോ ഇല്ലായിരുന്ന തിരുമേനി തന്റെ ആദ്ധ്യാത്മികസിദ്ധിവിശേഷങ്ങളാൽ അവ ഇവയെ നേരിട്ടതു്. അദ്ദേഹം ദൈവസ്നേഹത്താൽ പ്രേരിതനായി കൎത്താവിന്റെ ശരീരമായ വി: സഭയെ ആത്മാർത്ഥമായി സ്നേഹിച്ചു. സഭയുടെ വിഷമഘട്ടത്തിൽ, "പാതാളവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല" എന്നുള്ള അരുമനാഥന്റെ തിരുവചനം ഈ സഭയ്ക്കുണ്ടെന്നു സാധാരണ ജനങ്ങൾക്കുപോലും ബോദ്ധ്യപ്പെടത്തക്ക വിധത്തിൽ ദൈവവ്യാപാരം തന്നിലുണ്ടായിരുന്ന ഒരാളായിരുന്നു അവിടുന്ന് എന്നുള്ളതിനു തെല്ലും സംശയമില്ല. സ്വാർത്ഥരഹിതമായ ദൈവസ്നേഹവും സഭയോടുള്ള ഭക്തിയും പ്രതിഷ്ഠാജീവിതവും സഭാനുഷ്ഠാനങ്ങളിലുള്ള തീക്ഷ്ണതയും സജീവനെപ്പോലും അവഗണിച്ചുള്ള പരസേവനപ്രസക്തിയും ആ

സ്വന്തം പ്രസ്താവന.

ഈ ലക്കത്തോടുകൂടി മലങ്കരസഭ നാലാംവയസ്സിലേക്കു കടക്കുകയാണു്. മാന്യ മാസികാബന്ധുക്കളിൽനിന്നും ലേഖകന്മാരിൽനിന്നും ഇതുപര്യന്തം കിട്ടിയിട്ടുള്ള സഹായസഹകരണങ്ങൾ അത്യന്തം പ്രോത്സാഹജനകമായിരുന്നു എന്നു കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. അവ നാൾക്കുനാൾ ക്രമപ്രവൃദ്ധമായി ലഭിക്കുമെന്നും ആസന്നഭാവിയിൽതന്നെ ഇതു് ഒരു വാരികയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങുന്നതിനു സാധിക്കുമെന്നുമാണു ഞങ്ങളുടെ പ്രതീക്ഷ. ജഗന്നിയന്താവു് അതിനു സംഗതി വരുത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ മാസിക ഓർത്തഡോക്സ് സുറിയാനിസഭയുടെ ഒരു ഗസററായി രൂപം പ്രാപിക്കത്തക്കവണ്ണം ഇതിന്റെ ഉള്ളടക്കം ക്രമപ്പെടുത്തണമെന്നു് അഭിപ്രായമുണ്ടു്. അതുകൊണ്ടു ഇടവകപ്പൊതുയോഗങ്ങൾ, മെത്രാസനപ്പൊതുയോഗങ്ങൾ, സണ്ടേസ്കൂൾ യോഗങ്ങൾ മുതലായവയുടെ റിപ്പോർട്ടുകൾ, പട്ടക്കാരുടെ സ്ഥലംമാററം, മെത്രാപ്പോലീത്തന്മാരുടെ സഞ്ചാരപരിപാടി ഇത്യാദി കാര്യങ്ങൾ യഥാകാലം പ്രസിദ്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

വരിസംഖ്യ സംബന്ധിച്ചും ഒരു വാക്കു പറയേണ്ടതുണ്ടു്. മാസികയുടെ ഏതാനും ലക്കങ്ങൾ അയച്ചുകഴിഞ്ഞതിന്റെ ശേഷം വി. പി. മൂലമോ മററുവിധത്തിലോ വരിസംഖ്യ ഈടാക്കാൻ ശ്രമിക്കുന്നതു പലതര നഷ്ടങ്ങൾക്കും ഇടയാക്കുന്നതായി ഞങ്ങൾക്കു് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് മേലാൽ വരിസംഖ്യ മുൻകൂറായി പിരിച്ചെടുക്കണമെന്നാണു വിചാരിക്കുന്നതു്. മാസികാബന്ധുക്കളുടെ പിന്തുണ ഇക്കാര്യത്തിൽ നൽകണമെന്നു ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

രെയും അത്ഭുതപരതന്ത്രരാക്കുന്നതായിരുന്നു. അദ്ദേഹം നൽകിയ പ്രചോദനമാണു് അദ്ദേഹത്തിന്റെ ശ്രേഷ്ഠശിഷ്യഗണങ്ങൾ വഴിയായി ഇന്നും ഈ സുറിയാനിസഭയിൽ സ്ഥിതിചെയ്യുന്നതു്. അദ്ദേഹം കത്തിച്ച വിളക്കു കെടാതെ സൂക്ഷിക്ക മാത്രമല്ല, അതു് ഈ ഭാരതഭൂമി മുഴുവനും ജാജ്വല്യമാനമായി പ്രകാശിക്കത്തക്ക വിധത്തിൽ ആ ദീപത്തെ പുലർത്തേണ്ടതും ഏതു വിശ്വാസിയുടെയും ചുമതലയാണു്.

സുറിയാനിക്കാർക്കു് ഏതു മതാനുഷ്ഠാനങ്ങളിലും ഉണ്ടാകാറുള്ള അനാസ്ഥ പരുമലപ്പെരുനാളിനെ ബാധിക്കാതിരിക്കാൻ വിശ്വാസികൾ പ്രത്യേകം കരുതേണ്ടതാകുന്നു. പെരുനാളിന്റെ ശക്തി വർഷംതോറും വർദ്ധമാനമായിത്തീരുന്നതിനു സഭാംഗങ്ങൾ ആബാലവൃദ്ധം ഉററു ശ്രമിക്കേണ്ടതാണു്.

പെരുനാളിനു പോകുന്നതു പരിഷ്ക്കാരത്തിനു പററിയതല്ലായെന്നു വിചാരിക്കാതെ ആളുകൾ കൂടുതൽ കൂടുതൽ പോകേണ്ടതാണു്. നമ്മുടെ കർത്താവും വി: കുടുംബവും യരുശലേംപെരുനാളിനു പോകുക പതിവായിരുന്നതുകൊണ്ടു നാമും പെരുനാളുകളെപ്പററി താല്പര്യമുള്ളവരായിരിക്കേണ്ടതാണു്. നേർച്ചകാഴ്ചകൾ കഴിവുപോലെ അർപ്പിക്കുന്നതിലും നാം ബദ്ധശ്രദ്ധരാകണം. പുണ്യയാത്രക്കാരായി പോകുന്നവർ ഭക്തിപുരസ്സരം ഈ സംഗതി നിർവ്വഹിക്കാൻ ഉൽസുകരാകണം. ചോസർ എഴുതിയിട്ടുള്ള കാൻറർബറി കഥകൾ പുണ്യയാത്രയുടെ മാഹാത്മ്യത്തിന്റെ ഒരു നിത്യസ്മാരകമായി കരുതാവുന്നതാണു്. ഭക്തിസംവർദ്ധകമായ ഗാനാലാപത്തോടും കരിശ്ശുധാരികളായും യാത്രക്കാർ പോകുന്നതു് ഈ സുദിനത്തിന്റെ മാഹാത്മ്യത്തെ വർദ്ധിപ്പിക്കുന്നതിനുതകുന്നതാണു്. വി. കബറുകൾ വീഴുന്ന വഴിപാടുകൾ പുണ്യപ്രവൃത്തികൾക്കായി മാത്രം ഉപയോഗിക്കുന്ന ഒരു രീതി ഉണ്ടായാൽ വരുമാനവർദ്ധനവും ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. അഗതിമന്ദിരം; മിഷ്യൻ പ്രവർത്തനം മുതലായവ ഈ ധനവിനിയോഗത്തിനു പററിയ മാർഗ്ഗങ്ങളാണു്. സഭയിൽ സമാധാനം സംജാ

തമാകുന്നതിനുവേണ്ടി യുവജനങ്ങൾ ഹൃദയപൂർവ്വം പരിശ്രമിക്കുന്ന ഈ അവസരത്തിൽ അതിലേക്കു വേണ്ട ആത്മപ്രകാശം സിദ്ധിക്കുന്നതിനു വിശ്വാസികൾ ഈ വി: പിതാവിന്റെ മദ്ധ്യസ്ഥതയിൽ ആത്മാർത്ഥമായി ആശ്രയിക്കുന്നതു ഫലപ്രദായകമായിരിക്കും എന്നുള്ളതിൽ സംശയിക്കാനില്ല.

സഭാസമാധാനസംഘടന.

മലങ്കരസഭാസമാധാനസംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു വമ്പിച്ച പൊതുയോഗം സ്ഥലം കരിശുപള്ളിയങ്കണത്തിൽവച്ചു ഗ്രീസിലെ പീററർ രാജകുമാരന്റെ അദ്ധ്യക്ഷതയിൽ ഒക്ടോബർമാസം 16-ാംതീയതി ഞായറാഴ്ച 3 മണിക്കുശേഷം സമ്മേളനം നടക്കുകയുണ്ടായി. വിശ്വാസാചാരങ്ങളിൽ യാതൊരു വ്യത്യാസവുമില്ലാതിരുന്നിട്ടും വാശിവൈരാഗ്യങ്ങൾമൂലം ഭിന്നിച്ചു പ്രത്യക്ഷത്തിൽ ശിഥിലീഭവിച്ചു നൈരാശ്യകരമായിരിക്കുന്ന മലങ്കരസഭ യോജിച്ചു് ഏകയോഗമായിത്തീർന്നാൽ അതിനു് എത്രമാത്രം സാദ്ധ്യതകൾ ഉണ്ടെന്നും, യോജിപ്പിനായി സഭാംഗങ്ങൾ എത്രമാത്രം കാംക്ഷിക്കുന്നു എന്നും പ്രസ്പഷ്ടമാക്കുവാറു് അത്ര വമ്പിച്ച വിജയകരമായ ഒരു മഹായോഗമായിരുന്നു അതു്. വന്ദ്യ തിരുമേനിമാർ യോഗത്തിലേക്കു ക്ഷണിക്കപ്പെട്ടിരുന്നില്ലെങ്കിലും ഭാരവാഹികളുടെ താല്പര്യപ്രകാരം യോഗത്തിനു മംഗളമാശംസിച്ചു് അവർ അയച്ചിരുന്ന സന്ദേശങ്ങൾമൂലം സഭ യോജിച്ചു കാണുന്നതിനുള്ള അവരുടെ അത്യാകാംക്ഷയെ അവർ പ്രദർശിപ്പിച്ചിരുന്നു. യോജിപ്പിന്റെ അടിസ്ഥാനം യോജിപ്പുണ്ടാവണം എന്ന ആത്മാർത്ഥമായ ആഗ്രഹം ഇരുവശത്തും ഉദിക്കുക എന്നതത്രെ. പ്രസ്തുത ആഗ്രഹം ഇപ്രാവശ്യം ഇരുകക്ഷികളിലും പ്രകാശിച്ചുകാണുന്നതു് അത്യന്തം ആശാകരവും ശുഭോദർക്കവും ആയിരിക്കുന്നു. മൂന്നുമാസത്തിനകം വന്ദ്യ തിരുമേനിമാർ ഒരുമിച്ചുകൂടി ആലോചിച്ചു മലങ്കരസഭയുടെ ക്ഷേമത്തിനുതകിയ വ്യവസ്ഥകൾ രൂപീകരിച്ചു സമാധാനം കൈവരുത്തണമെന്നു് അപേക്ഷിക്കുന്നതായ ഒരു പ്രമേയവും, പാത്രിയർക്കീസുബാവാ തിരുമേനിയെ സന്ദർശിച്ചു സമാധാനസംസ്ഥാപനാർത്ഥം ആലോചനകൾ നടത്തുന്നതിനു രാജകുമാരനെ അധികാരപ്പെടുത്തുന്ന വേറൊരു പ്രമേയവും ആ മഹായോഗത്തിൽ ഏകകണ്ഠമായി പാസ്സാക്കപ്പെട്ടു. ഈ ആലോചനകൾ രണ്ടും നടക്കുമെന്നുതന്നെ പ്രതീക്ഷിക്കാവുന്നതാണു്. എങ്കിലും കർത്താവു ഭവനം പണിയുന്നില്ലായെങ്കിൽ വേലക്കാർ വൃഥാ അദ്ധ്വാനിക്കുന്നു എന്നു് എഴുതപ്പെട്ടിട്ടുണ്ടല്ലോ. ആകയാൽ തിരുമേനിമാരുടെ വട്ടമേശസമ്മേളനദിവസങ്ങളിലും പാത്രിയർക്കീസ്—രാജകുമാര സന്ദർശനദിവസത്തിലും എല്ലാ പള്ളികളിലും വി: കുർബാനയും സകല ഭവനങ്ങളിലും ഉപവാസത്തോടെയുള്ള പ്രാർത്ഥനയും നടത്തപ്പെടേണ്ടതാണു് ഉന്നതത്തിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യർക്കു സത്പ്രീതിയും ഉണ്ടായിരിക്കട്ടെ എന്നുണ്ടായ ദിവ്യഗാനസ്മരണാദിവസമായ ക്രിസ്തുമസ്സ്സുദിനത്തിൽ ആ സന്ദേശസാരം ഇരുകക്ഷികൾക്കും ആനന്ദപൂർവ്വം അനുഭവപ്പെടുവാൻ സംഗതിയാകട്ടെ! നമുക്കു ഒരു നല്ലകാലം ആഗതമാകട്ടെ!! മലങ്കരസഭ വിജയിക്കട്ടെ!!!

കാര്യമുള്ള ഒരു കളി

ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സിലെ പൌരോഹിത്യജൂബിലി സംബന്ധിച്ചു് ഇക്കഴിഞ്ഞ മാർച്ചു് 6-ാംതീയതി തിരുവല്ലാ റീത്തു് രൂപത അഡ്മിനിസ്ട്രേറ്റർ മാർ സേവേറിയോസ് തിരുമനസ്സിലെ ഭദ്രാസന ദേവാലയത്തിൽവെച്ചു കൽക്കദോനിയാ സൂന്നഹദോസ് അഥവാ യാക്കോബായ സഭയുടെ ഉത്ഭവം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രഹസനം അഭിനയിച്ചതിന്റെ കഥാസാരം എറണാകുളത്തുനിന്നും പുറപ്പെടുന്ന റോമ്മൻകത്തോലിക്കപത്രമായ സത്യദീപത്തിന്റെ സെപ്തംബർ 14-ാംതീയതിയും ശേഷവുമുള്ള ലക്കങ്ങളിൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നു. ഇതുപോലെയുള്ള ഒരു പ്രഹസനം യാക്കോബായക്കാരുടെ മലങ്കരയുള്ള ഒരു പ്രധാന കേന്ദ്രവും റോമ്മൻകത്തോലിക്കർ നാമമാത്രമായുമുള്ള തിരുവല്ലായിൽവെച്ചും യാക്കോബായ സഭ വിട്ടുപോയിട്ടുള്ള ഒരു മെത്രാന്റെ ഭദ്രാസനദേവാലയത്തിൽവച്ചും അഭിനയിക്കുവാൻ ഇടയായതു്

ഒരു അവിചാരിതസംഭവമായി പരിഗണിക്കാൻ നിവൃത്തിയില്ല. യാക്കോബായസഭയെ ആകമാനം വിഴുങ്ങാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്ന റീത്തുസഭ കരുതിക്കൂട്ടി പ്രവർത്തിച്ച ഒരു സംഗതിയായിട്ടല്ലാതെ ഇതേപ്പററി ചിന്തിക്കാൻ നിവൃത്തിയില്ല എന്നാൽ ഈ പ്രഹസനമാധുരി ആസ്വദിച്ച തിരുവല്ലായിലെനിരവധി "യാക്കോബായ ശിശ്മക്കർ" പറങ്കികളുടെ കാലം മുതൽ ഇന്നേയോളം റോമ്മാക്കാർ നിരന്തരമായി അവരെ കുരുക്കാൻ വെക്കുന്ന ആത്മീയകണികൾ വേണ്ടതുപോലെ മനസ്സിലാക്കാൻ പാടില്ലാതെപോകുന്നതാണു പരിതാപകരമായിട്ടുള്ളതു്. അവരുടെ വിശ്വാസത്തേയും അവരുടെ പൂർവ്വപിതാക്കന്മാരേയും ചവുട്ടിമെതിക്കുന്നതിനുള്ള ഒരു സ്റ്റേജാണു് അവരുടെ കൊഴുപ്പിൽ നിന്നുവളന്ന മാർ സേവേറിയോസ് അദ്ദേഹത്തിന്റെ ഭദ്രാസന ദേവാലയാങ്കണത്തിൽ നിർമ്മിച്ചതെന്നു് അല്പബുദ്ധികളായ എത്ര "യാക്കോബായക്കാർ" മനസ്സിലാക്കിയിരിക്കണം. ഇരുട്ടിന്റെ മക്കൾ വെളിച്ചത്തിന്റെ മക്കളേക്കാൾ ബുദ്ധിയുള്ളവരാണെന്നു നമ്മുടെ കർത്താവുതന്നെ പറഞ്ഞിട്ടുണ്ടു്. എന്നാൽ സാധാരണ ലോകബുദ്ധിപോലും ഈവക കാര്യങ്ങളിൽ നമുക്കില്ലാതെപോകുന്നതു പരിതാപകരംതന്നെ. പള്ളിക്കൂടങ്ങൾ ഉണ്ടാക്കി നമ്മുടെ കുട്ടികളുടെ മനസ്സിനെ വശീകരിക്കയും കൺവെൻഷൻ യോഗങ്ങൾ കൂടി നമ്മോടു വിശ്വാസത്തെ താറുമാറാക്കുകയും പ്രഹസനങ്ങൾ അഭിനയിച്ചു നമ്മുടെ പിതാക്കന്മാരെ അധിക്ഷേപിക്കയും ചെയ്യുന്നതിനെ ബോയിക്കാട്ടുചെയ്യാനുള്ള ബുദ്ധി നമുക്കുണ്ടാകുമെങ്കിൽ ഈ കുടുക്കുകളുടെ പ്രയോഗം വളരെ കുറഞ്ഞേനെ.

ഈ പ്രഹസനത്തിൽ ചിത്രീകരിക്കുന്ന കൽക്കദോൻ ചരിത്രം മികച്ച റോമ്മാശാസ്ത്രജ്ഞന്മാർ തന്നെ സ്വീകരിക്കുന്നതല്ലായെന്നു പ്രേഷകവൃത്തിയിൽ ലയിച്ചു ചരിത്രത്തെ കീഴ്മേൽ മറിക്കുന്ന ആളുകൾ മനസ്സിലാക്കിയാൽ കൊള്ളാം. കൽക്കദോനിയാ സുന്നഹദോസ് പ്രഹസനത്തിന്റെ വിവരണം വായിച്ചാൽ പൊതു സുന്നഹദോസ്സുകളെല്ലാംതന്നെ പാപ്പാമാർ വിളിച്ചുകൂട്ടിയതാണെന്നും അവയിലെല്ലാംതന്നെ ആദ്ധ്യക്ഷം വഹിച്ചതു പാപ്പായുടെ പ്രതിനിധികളാണെന്നും പാപ്പാ അംഗീകരിക്കാത്ത സാർവ്വത്രിക സുന്നഹദോസ്സുകൾക്കുതന്നെ അധികാരമൊന്നും ലഭിക്കുന്നില്ലെന്നുമുള്ള ധാരണയാണു് ഒരുവനുണ്ടാകുന്നതു്. ഇതു ചരിത്രത്തെ വ്യഭിചരിപ്പിക്കയാണെന്നുള്ളതിനു സുന്നഹദോസ്സുകളുടെ ചരിത്രം എഴുതിയിട്ടുള്ള റോമ്മാഗ്രന്ഥകാരനായ ഹെഫൽതന്നെ സാക്ഷ്യം വഹിക്കുന്നതാണു്. റോമ്മാ പ്രമത്തത ഇതരന്മാരുടെ തലയിൽ കെട്ടിവെക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടെ മാത്രം രചിച്ചിട്ടുള്ള ഈ പ്രഹസനവിഷയമായ കൽക്കദോൻ സുന്നഹദോസ്സുതന്നെ പാപ്പാ വിളിച്ചുകൂട്ടിയതോ, പാപ്പായുടെ പ്രതിനിധികൾ ആദ്ധ്യക്ഷം വഹിച്ചതോ അല്ലായെന്നുള്ളതു സുവിദിതമാണു്. (Hefel page 296, 7) ആംഗ്ലേയ പണ്ഡിതനായ ഫാദർ കെല്ലിയും ഈ അഭിപ്രായത്തോടു യോജിക്കുന്നു. ആദ്യത്തെ രണ്ടു യോഗങ്ങളിലും ആദ്ധ്യക്ഷം വഹിച്ചതു ചക്രവർത്തിയുടെ പ്രതിനിധികളും മൂന്നാമത്തെ യോഗത്തിൽ അവർ ഹാജരാകാതിരുന്നപ്പോൾ ആദ്ധ്യക്ഷം വഹിച്ചതു പാപ്പായുടെ പ്രതിനിധികളും ആയിരുന്നു (Fr- A·Kelly, History of the Church, Vol·3, p. 44) ആദ്യത്തെ യോഗം കൂടിയ ഉടനെ പാപ്പായുടെ പ്രതിനിധികൾ ദീയസ്ക്കോറോസിനെ വെളിക്കാക്കണമെന്നപേക്ഷിച്ചു. എങ്കിലും ചക്രവർത്തിയുടെ കമ്മീഷണറന്മാർ അതിനെ നിരാകരിച്ചുകളഞ്ഞു. (Hefel p- 298) കൽക്കദോൻ സുന്നഹദോസിലെ വിശ്വാസസംബന്ധമായ നിശ്ചയം പാസ്സാക്കിയപ്പോൾ 630 പിതാക്കന്മാരിൽ 200 പേർ മാത്രമെ ഹാജരുണ്ടായിരുന്നുള്ളു. ചക്രവർത്തിയുടെ പ്രതിനിധികൾ ഹാജരില്ലായിരുന്നുവെന്നുള്ളതും ശ്രദ്ധേയമാണു്.(Hefel p- 320) കൽക്കദോനിലെ 28-ാമത്തെ കാനോനായ കുസ്തന്തീനോസ് പോലീസിനെ പുതിയ റോമ്മാ ആക്കുന്ന ആ നിശ്ചയം ഇന്നും റോമ്മാസഭക്കാർ സ്വീകരിക്കാത്തതു് ആശ്ചര്യകരമാണു്. കൽക്കദോനിൽ യഥാർത്ഥത്തിൽ നടന്നതു പദത്തെ സംബന്ധിച്ചുള്ള വാദമാണെന്നു വിഗ്രാം, കെല്ലി മുതലായവർ വ്യക്തമായി പറഞ്ഞിരിക്കുന്നു. (Wigram,

[ശേഷം 23-ാംപേജിൽ]

ആത്മനിക്ഷേപം M.C.K.

12. കർത്താവിന്റെ ദിവസം.

കർത്താവിന്റെ ദിവസത്തിൽ ഞാൻ ആത്മാവിലായി. വെ. 1: 10.

വെളിപാടുപുസ്തകത്തിന്റെ ലിഖിതാവു ദൈവവചനവും യേശുവിന്റെ സാക്ഷ്യവും മൂലം മദ്ധ്യതരണിക്കടലിലുള്ള പത്മൊസുദ്വീപിൽ നാടുകടത്തപ്പെട്ടവനായി—പരദേശിയായി—പാർത്തിരുന്നു. കബറടക്കപ്പെട്ടവരിൽനിന്നു ക്രിസ്തു ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച ദിവസത്തെ ഒരു മഹദ്ദിനമായി ആദിമക്രിസ്ത്യാനികളുവരും കരുതിയിരുന്നപ്രകാരം അദ്ദേഹവും ആ വലിയ വിശുദ്ധ ദിവസത്തെ പ്രത്യേകമായ പ്രശാന്ത ക്രിസ്തുചിന്തയിൽ ഭക്തിപൂർവ്വം ആചരിച്ചുവന്നു. തൽഫലമായി ഒരു കർത്തൃദിവസത്തിൽ അദ്ദേഹത്തിനു് ഒരു വലിയ ആത്മനിക്ഷേപം കരഗതമായി. ഒരു ദിവ്യ അനുഭവം അദ്ദേഹത്തിനു് ഉണ്ടായി. അദ്ദേഹം ആത്മാവിൽ ആയി. അപ്പോൾ ഒരു ശബ്ദം അദ്ദേഹം കേട്ടു. അതു് എന്തു് എന്നു അദ്ദേഹം തിരിഞ്ഞുനോക്കിയപ്പോൾ ഒരു ദർശനം കണ്ടു. മനുഷ്യപുത്രനോടു സദൃശനായ ഒരുവനെയാണു് അദ്ദേഹം കണ്ടതു്. അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു. അദ്ദേഹം ആ ദിവ്യന്റെ പാദത്തിങ്കൽ വീണു. ആ ദിവ്യൻ വലത്തുകൈ അദ്ദേഹത്തിന്റെ ശിരസ്സിന്മേൽ വച്ചു് അരുളി—"ഭയപ്പെടേണ്ട: ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു: എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു." ഈ വചനങ്ങളാൽ ആ ദിവ്യൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തി.*

ഏവംവിധമുള്ള ദർശനങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ടു്. സീനായി മലമേൽ വച്ചു മോശ ഒരു ദർശനം കണ്ടു. ഉസ്സിയാരാജാവു മരിച്ച ആണ്ടിൽ യശയ്യാപ്രവാചകൻ ഒരു ദർശനം കണ്ടു. മാർ പൗലൂസ്ശ്ലീഹാ അറേബ്യായിലെ മരുഭൂമിയിൽ പ്രശാന്തചിന്തയിൽ ആയിരിക്കെ ആത്മാവിൽ ആയി മൂന്നാമത്തെ സ്വർഗ്ഗത്തോളം എടുത്തുകൊള്ളപ്പെടുകയും അവിടെ അവർണ്ണനീയമായ ഒരു ദർശനം കാണുകയും ചെയ്തു. വിശുദ്ധ വേദത്തിൽ വേറെയും എത്രയോ ദർശനങ്ങളെപ്പറ്റി എഴുതപ്പെട്ടിട്ടുണ്ടു്! അപ്രകാരമുള്ള ദർശനങ്ങൾ പിന്നീടും ഓരോ കാലത്തു ചില ഭക്തന്മാർക്കു് ഉണ്ടായിട്ടുണ്ടു്. അവ ദർശിക്കുന്നവർക്കു ഭാഗ്യം. അവ അവരെ ദൈവവിശ്വാസസ്നേഹാദികളിൽ ഉറപ്പിക്കുകയും മറ്റുള്ളവർക്കും ഉറച്ചുനിൽക്കുവാൻ പ്രചോദനം നൽകുകയും ചെയ്യുന്നു.

നമ്മുടെ കർത്താവേശുമ്ശിഹാ കബറിൽനിന്നും ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച ഒരു വലിയ ദിവസമാകുന്നു. ഓരോ ഞായറാഴ്ചയും ഉയിർപ്പുപെരുനാൾതന്നെ ആകുന്നു. യേശുവിന്റെ ഇഹലോകവ്യാപാരത്തിലെ സർവ്വപ്രധാനമായ സംഭവം അവിടുന്നു കബറിൽനിന്നും ഉയിർത്തെഴുന്നേറ്റു എന്നതത്രെ. ദുഃഖവെള്ളിയാഴ്ച ദിവസം നിരാശയിൽ ആണ്ടുപോയ ശ്ലീഹന്മാരെ ആശാഭരിതരാക്കിയതു് അവരുടെ നാഥന്റെ പുനരുത്ഥാനം ആയിരുന്നു. യേശുവിനെ പ്രസംഗിക്കുവാൻ ആ സംഭവം അവർക്കു ധൈര്യം നൽകി. ആ സംഭവം ഒരു പുതിയ സുവിശേഷംതന്നെയായിരുന്നു. നമ്മുടെ ക്രൈസ്തവമതം ഉറച്ചുനിൽക്കുന്നതു് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്മേൽ അത്രെ. "കണ്ടാലും ഒരു പുതിയ സുവിശേഷം ഞാൻ നിങ്ങളെ അറിയിക്കുന്നു: മ്ശിഹാ കബറിൽനിന്നു് ഉയിർത്തെഴുന്നേറ്റിരിക്കുന്നു," എന്നു ക്യംതാ ഞായറാഴ്ച രാത്രിയിൽ പുരോഹിതൻ ഉയിർപ്പുസ്ലീബാ വഹിച്ചുകൊണ്ടു വിളിച്ചുപറകയും മ്ശിഹാ സത്യമായി ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വി

---

* വെളിപാടുപുസ്തകത്തിന്റെ ലിഖിതാവു് ഒരു യോഹന്നാൻ ആയിരുന്നു. അദ്ദേഹം അപ്പോസ്തോലനായ യോഹന്നാൻ അല്ല എന്നത്രെ നമ്മുടെ സഭാപിതാക്കന്മാരുടെ അഭിപ്രായം. ആകയാൽ ആ ഗ്രന്ഥം വിശുദ്ധ വേദത്തിലെ കാനോനികഗ്രന്ഥാവലിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. എങ്കിലും അപ്പോക്രിഫാപ്പുസ്തകങ്ങളെപ്പോലെ അതും വായിച്ചു പ്രയോജനപ്പെടുത്താവുന്നതത്രെ. കർതൃദിവസത്തിന്റെ ആചരണത്തിലേക്കല്ലാതെ ആ ദിവ്യദർശനം സംബന്ധിച്ച കാര്യങ്ങളിലേക്കു് ഈ ലേഖനം പ്രവേശിക്കുന്നില്ല.

ശപസിച്ചു് ഏറ്റുപറയുന്നു" എന്നു ജനം പ്രതിവാക്യം ചൊല്ലുകയും ചെയ്യുന്നതു് ഇവിടെ ഓക്കപ്പെടാം. ഈ സന്ദേശത്തെ ഓരോ ഞായറാഴ്ചയും അനുസ്മരിപ്പിക്കുന്നു. ആകയാൽ ഓരോ ഞായറാഴ്ചയും ഉയിർപ്പുപെരുനാൾതന്നെ ആകുന്നു. ആ ദിവസം—നമ്മുടെ കത്താവിൻെറ ദിവസം—യോഹന്നാനു് എന്നപ്രകാരം നമുക്കും ഒരു വലിയ ദിവസം ആയിരിക്കണം. മാർ പൗലൂസ് ശ്ലീഹാ തീമോത്തിയോസിനു് എഴുതിയിട്ടുള്ളപ്രകാരം ആ ദിവസത്തിൽ വിശേഷവിധിയായി—"ദാവീദിൻെറ സന്തതിയായി ജനിച്ചു്, മരിച്ചു്, ഉയിത്തെഴുന്നേററ യേശുവിനെ ഓത്തുകൊൾക". വിശുദ്ധ വേദത്തിലെ ദിവ്യോപദേശങ്ങളുടെ രത്നച്ചുരുക്കം ആ ഉപദേശം ആകുന്നുവല്ലോ. ആ സ്മരണയിൽ നിത്യജീവൻ ഉണ്ടു്. അപ്രകാരം ചെയ്യുന്ന ഏവനും ആത്മാവിനായി നിക്ഷേപം നേടുകയത്രെ ചെയ്യുന്നതു്. ശനിയാഴ്ചാസ്തമനം മുതൽ ഞായറാഴ്ചാസ്തമനംവരെ ആ ദിവ്യദൂതു നമ്മുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരിക്കണം. "ദാവീദിൻെറ സന്തതിയായി ജനിച്ചു്, മരിച്ചു്, ഉയിത്തെഴുന്നേററ യേശുവിനെ ഓത്തുകൊൾക." നമ്മുടെ മതസ്ഥാപകൻ മരിച്ചെങ്കിലും ഉയിത്തെഴുന്നേററു. ഉയിത്തെഴുന്നേററ ആ തേജസ്സുതശരീരത്തോടെ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇതു് എത്രയോ മഹിമയേറിയ സത്യമാണു്! ക്രൈസ്തവധമ്മം ഈ യഥാത്ഥസംഭവത്തിന്മേൽ നിൽക്കുന്നു "ക്രിസ്തു ഉയിത്തെഴുന്നേററിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം: നിങ്ങളുടെ വിശ്വാസവും വ്യത്ഥം...... എന്നാൽ ക്രിസ്തു ഉയിത്തെഴുന്നേററു സത്യം: അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു."

യേശുക്രിസ്തു ക്രൂശിതനായി മരിച്ച വലിയവെള്ളിയാഴ്ചയെ ഓരോ വെള്ളിയാഴ്ചയും അനുസ്മരിപ്പിക്കുന്നപ്രകാരം അവിടുന്നു് ഉയിത്തെഴുന്നേററ ആ വലിയ ഞായറാഴ്ചയെ ഓരോ ഞായറാഴ്ചയും അനുസ്മരിപ്പിക്കുന്നു. ആ വലിയ വെള്ളിയാഴ്ച ആ ദിവ്യ ഗോതമ്പുമണി നിലത്തുവീണു. ആ വലിയ ഞായറാഴ്ച ആ ഗോതമ്പുമണി മുളച്ചു. ഓരോ ഞായറാഴ്ചയും ആ ഗോതമ്പിൻെറ ഫലം നാം അനുഭവിക്കണം. അപ്പോസ്തോലകാലംമുതൽതന്നെ ആഴ്ചവട്ടത്തിൻെറ ഒന്നാംനാൾ അപ്പംനുറുക്കുന്നതിനുള്ള പ്രത്യേക ദിവസമായി ആചരിച്ചുതുടങ്ങിയല്ലോ. പ്ര. 20:7.

നമുക്കു പുറകോട്ടും ഒന്നു നോക്കാം. ആദ്യപുസ്തകത്തിൽ നാം എന്താണു വായിക്കുന്നതു്? സവ്വശക്തൻ മനുഷ്യനു് ആവശ്യമുള്ള സകലത്തെയും മനുഷ്യനെയും ആറുദിവസം കൊണ്ടു സൃഷ്ടിച്ചു. ഏഴാംദിവസം അവിടുന്നു നിവൃത്തനായി. ആ ഏഴാംദിവസത്തെ ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ചു. കാലം കടന്നു: തലമുറകളും കടന്നു. മോശമൂലം ദൈവം തൻെറ ജനത്തിനു കൊടുത്ത കല്പനകളിൽ ഒന്നു് ആ ദിവസത്തെ സംബന്ധിച്ചായിരുന്നു. "ശാബത്തുനാളിനെ പരിശുദ്ധമായി ആചരിപ്പാൻ ഓത്തുകൊൾക. ആറുദിവസം അദ്ധ്വാനിച്ചു നിൻെറ വേല ഒക്കെയും ചെയ്യുക. ഏഴാംദിവസം നിൻെറ ദൈവമായ യഹോവയുടെ ശാബത്തു് ആകുന്നു. അന്നു നീ.......ഒരു വേലയും ചെയ്യരുതു്." അവിടുന്നു തുടന്നു് അരുളി. "നിങ്ങൾ എൻെറ ശാബത്തുകളെ ആചരിക്കണം. അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു. ആറുദിവസം വേലചെയ്യണം. എന്നാൽ ഏഴാംദിവസം സ്വസ്ഥമായുള്ള ശാബത്തായി യഹോവയ്ക്കു വിശുദ്ധം ആകുന്നു. ആരെങ്കിലും ശാബത്തുദിവസത്തിൽ വേലചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കണം. ആകയാൽ ഇസ്രായേൽമക്കൾ തലമുറതലമുറയായി ശാബത്തിനെ നിത്യനിയമമായി ആചരിക്കണം. അതു് എനിക്കും ഇസ്രായേൽ മക്കൾക്കും മദ്ധ്യേ എന്നേക്കും ഒരടയാളം ആകുന്നു. ആറുദിവസംകൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു്. ഏഴാംദിവസം അവൻ സ്വസ്ഥമായി വിശ്രമിച്ചു. ആ ദിവസത്തെ അവൻ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു." ആകയാൽ ദൈവം ശുദ്ധീകരിച്ചതിനെ മനുഷ്യൻ അശുദ്ധമാക്കരുതു്. കത്താവിൻെറ ദിവസത്തെ നാം നമ്മുടെ ദിവസമാക്കുകയും അരുതു്. ശാബത്തുദിവസത്തെ പരിശുദ്ധമായി ആചരിപ്പാൻ ഓത്തുകൊൾക.

ഓത്തുകൊൾക. നാലാംകല്പനയോടുകൂടെ മാത്രമെ ഓത്തുകൊൾക എന്ന പദം ചേക്ക

പ്പെട്ടിട്ടുള്ള. കാരണം എന്തു്? സൃഷ്ടിയായ മനുഷ്യനു് സ്രഷ്ടാവായ ദൈവത്തെ—അഥവാ ആത്മാവുള്ള മനുഷ്യനു് ആത്മാവായ ദൈവത്തെ—സ്മരിക്കുവാൻവേണ്ടിയിരിക്കുന്നു. ദൈവവുമായുള്ള സംസർഗ്ഗത്തിൽ അവൻ ജീവിക്കണം. ഉപജീവനാൎത്ഥം വിയർപ്പോടെ ആറു ദിവസം അദ്ധ്വാനിക്കേണ്ട മനുഷ്യനു് ആ ദിവ്യസംസൎഗ്ഗം ആഴ്ചവട്ടത്തിന്റെ എല്ലാ ദിവസവും പിടിച്ചുകൊൾവാൻ സാധിച്ചെന്നു വരികയില്ല. ആ അദ്ധ്വാനത്തിൽതന്നെ വ്യാപൃതനായിരുന്നാൽ സ്രഷ്ടാവിനെ തീരെ മറക്കുകയും കടശ്ശി, നിരീശ്വരനായിത്തീരുകയും അവന്റെ സ്വൎഗ്ഗീയത നശിക്കുകയും ചെയ്യും. ആകയാൽ വിയർപ്പോടെയുള്ള അദ്ധ്വാനം ഒരുദിവസത്തേക്കു വിട്ടു പ്രശാന്ത സ്വസ്ഥത പാലിച്ചു് ആ ദിവ്യ സംസൎഗ്ഗത്തെ പുതുക്കി കൂട്ടതലായി ബലപ്പെടുത്തണം. കർത്തൃചിന്തയിൽ ഹൃദയത്തെ ആഴ്ചതോറും പുതുക്കി ആത്മാവിൽ കൂട്ടതലായി ശക്തിപ്പെടുവാനുള്ള വിശുദ്ധദിവസമത്രെ ശാബതു്. പ്രസ്തുത ആചരണ നമ്മെ ഉത്തരോത്തരം ശുദ്ധീകരിക്കും. അങ്ങനെ "ഞാൻ ശുദ്ധീകരിക്കുന്ന യഹോവാ ആകുന്നു എന്നു നിങ്ങൾ അറിയും." "വിശുദ്ധീകരണത്തിന്റെ അന്തം നിത്യജീവൻ ആകുന്നു." റോമ.6:22 ശാബതാചരണയാജ്ഞ അതുകൂടെ ഉൾപ്പെടെ പത്തു കല്പനകൾക്കു മുമ്പുതന്നെ നൽകപ്പെട്ടതാണു്. ആദാമിന്റെ കാലംമുതൽ തന്നെ അതു നിലവിലിരുന്നുവോ എന്നു് അറിഞ്ഞുകൂടാ, എന്നാൽ അടിമനാടായ മിസ്രയീമിൽനിന്നു വാഗ്ദത്തനാടായ കനാനിലേക്കു് ഇസ്രായേൽ ജനത്തെ മോശ നടത്തിക്കൊണ്ടുപോകുമ്പോൾ, പത്തുകല്പനകളടങ്ങിയ കല്പലകകൾ നൽകപ്പെട്ട സീനായിപർവ്വതത്തിൽ എത്തുന്നതിനു മുമ്പുതന്നെ ശാബതു് ആചരിച്ചുവന്നതായി കാണുന്നു. ആ യാത്രയിൽ സ്വർഗ്ഗത്തിൽനിന്നു വർഷിക്കപ്പെട്ട മന്നാ ശേഖരിച്ചാണല്ലോ അവർ ഉപജീവിച്ചുവന്നതു്. ഓരോരുത്തനും അന്നുദിവസം അതതു ദിവസത്തേക്കു വേണ്ട മന്നാ മാത്രമെ ശേഖരിക്കാവൂ എന്നും ആറാംദിവസമാകട്ടെ ഏഴാംദിവസത്തേക്കുകൂടിയായി ഇരട്ടി ശേഖരിക്കണമെന്നും, ഏഴാംദിവസം ശാബതാകയാൽ സ്വസ്ഥമായിരിക്കണമെന്നും ജനത്തിനു മോശ ഉപദേശം കൊടുത്തു. (പുറ. 16:29) ആകയാൽ സീനായിക്കു മുമ്പുതന്നെ ശാബതാചാരം നിലനിന്നതായി കാണാം. അതുകൊണ്ടുകൂടെ ആയിരിക്കണം നാലാം കൽപ്പനയിൽ ഓൎത്തുകൊൾക എന്ന പദം ചേൎക്കപ്പെട്ടിട്ടുള്ളതു്.

എന്നാൽ ശേഷം കൽപ്പനകളെ എന്ന പ്രകാരം എപ്പോഴും ഓൎത്തുകൊൾവാൻ നൽകപ്പെട്ട കല്പനയെയും ഇസ്രായേലിൽ ഭൂരിപക്ഷവും ലംഘിച്ചുകൊണ്ടിരുന്നു. കർത്താവിന്റെ ദിവസത്തെ അവർ അപഹരിച്ചു. വിശുദ്ധ ദിവസത്തെ അവർ അശുദ്ധമാക്കി. ശാബതിന്റെ ശുദ്ധീകരണശക്തിയെ അവർ അനുഭവപ്പെടുത്തിയില്ല. അതിന്റെ പ്രകാശത്തിലേക്കു് അവർ പ്രവേശിച്ചില്ല. ആകയാൽ ആമോസ് ചോദിക്കുന്നു: "യഹോവായുടെ വിശുദ്ധ ദിവസംകൊണ്ടു നിങ്ങൾക്കു് എന്തു ഗുണം? അതു നിങ്ങൾക്കു വെളിച്ചമല്ല ഇരുട്ടത്രെ. ഒരു പ്രകാശവും ഇല്ലാത്ത അന്ധതമസ്സു തന്നെ." അവർ പ്രകാശത്തെക്കാൾ കൂട്ടതലായി അന്ധകാരത്തെ സ്നേഹിച്ചു. ഈ സ്ഥിതി എത്രയോ പരിതാപകരമാണു്!

നമ്മുടെ അരുമനാഥന്റെ പുനരുത്ഥാനം വരെയും ദൈവത്തിന്റെ ജനത്തിന്റെ ശാബതു് ആഴ്ചവട്ടത്തിന്റെ ഏഴാംദിവസമായിരുന്നു. എന്നാൽ നമ്മുടെ കർത്താവു് ഉയിർത്തെഴുന്നേറ്റതു് ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസമായിരുന്നതിനാൽ അന്നുമുതൽ അതു കർത്താവിന്റെ ദിവസമായിത്തീൎന്നു. ഉയിർത്തെഴുന്നേല്പുമൂലം സകലവും പുതുതായി; ശാബതും പുതുതായി. ശാബതു് ആഴ്ചവട്ടത്തിന്റെ ഏഴാംദിവസത്തിൽനിന്നു് ഒന്നാംദിവസത്തിലേക്കു മാറി. ആ ദിവസം ക്രിസ്തുവിന്റെ ശിഷ്യന്മാർക്കു ശാബതായി. ക്രിസ്തു സൃഷ്ടികളെക്കാൾ ഉയന്നിരിക്കുന്നപ്രകാരവും ക്രിസ്തുവിലുള്ള പുതിയ സൃഷ്ടി അഥവാ വീണ്ടെടുപ്പു് ആദ്യസൃഷ്ടിയെക്കാൾ മഹത്തായിരിക്കുന്നപ്രകാരവും ആഴ്ചവട്ടത്തിന്റെ ഒന്നാ ദിവസമായ ഞായറാഴ്ച ഏഴാംദിവസമായ ശനിയാഴ്ചയെക്കാൾ മഹിമയുള്ളതായിരിക്കുന്നു. വിശുദ്ധ ശ്ലീഹന്മാർതന്നെ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ഒരുമിച്ചുകൂടി അപ്പം നുറുക്കുവാൻ—അ

ഥവാ വിശുദ്ധ കുർബാന അർപ്പിക്കുവാൻ—തുടങ്ങി. നമ്മുടെ ശാബത്തു് ഞായറാഴ്ചയായി ഭവിച്ചു; ആകയാൽ ഞായറാഴ്ചയെ ശാബത്തുപോലെ പരിശുദ്ധമായി ആചരിപ്പാൻ നാം ബാദ്ധ്യസ്ഥരത്രെ. ശനിയാഴ്ച സന്ധ്യമുതൽ ഞായറാഴ്ച സന്ധ്യവരെയുള്ള ഒരു ദിവസം മുഴുവൻ നമുക്കു വിശുദ്ധമായിരിക്കണം. അന്നു നാം ക്രിസ്തു ചിന്തകരായിരിക്കണം: അതു ക്രിസ്തുവിന്റെ പുനരുത്ഥാന പ്പെരുന്നാൾ ആകുന്നുവല്ലൊ. ദാവീദിന്റെ സന്തതിയായി ജനിച്ചു് മരിച്ചു്, ഉയിർത്തെഴുന്നേറ്റ യേശുവിനെപ്പറ്റിയുള്ള ധ്യാനത്തിൽ നാം അന്നു മുഴുകിയിരിക്കേണ്ടതാകുന്നു. "മൗനമായിരുന്നു ദൈവത്തിന്റെ അത്ഭുതങ്ങളെ ചിന്തിച്ചുകൊൾക" "മൗനമായിരുന്നു ഞാൻ ദൈവമാകുന്നു എന്നു് അറിയുക." യോഹന്നാനെപ്പോലെ നമ്മളും ലോകചിന്തകൾ വിട്ടു് ആത്മാവിലാകണം. അങ്ങനെയുള്ള ഒരുക്കത്തോടെ നാം ദൈവാലയത്തിലേക്കു പോയി നമ്മുടെ കർത്താവിന്റെ ജനനം, മരണം, ഉയിർപ്പു് മുതലായവ സ്മരിക്കപ്പെടുന്നു. വി. കുർബാനയാകുന്ന ദിവ്യാരാധനയാൽ സംബന്ധിച്ചാൽ "ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു എന്നു നിങ്ങൾ അറിയണം" എന്നു ദൈവം ഇസ്രായേൽ ജനത്തോടു് അരുളിച്ചെയ്തതായ ആ അറിവു നമുക്കു അനുഭവമാകും. നമ്മുടെ ക്രൈസ്തവജീവിതം വളരെ അധ:പതിച്ചിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം കർത്തൃദിവസത്തോടു നമുക്കുള്ള അനാദരവത്രെ. നമ്മുടെ സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും ആ ദിവസത്തെ പരിശുദ്ധമായി ആചരിക്കുന്നില്ല. തന്മൂലം അതിന്റെ ശുദ്ധീകരണശക്തി നാം അനുഭവമാക്കുന്നില്ല. ഓരോ ഞായറാഴ്ചയും ഉയിർപ്പുഞായറാഴ്ചയെ പ്രതിബിംബിക്കുന്നു. ആ ദിവസത്തിൽ ആ വിശുദ്ധ സ്ത്രീകളെയും ശ്ലീഹന്മാരെയും യോഹന്നാനെയുംപോലെ നാമും നമ്മുടെ കർത്താവിനെ കണ്ടു ദിവ്യാനന്ദം അനുഭവിക്കണം.

കർത്താവിനെ കാണുവാൻ എങ്ങനെ കഴിയും? ഞാൻ പരിശുദ്ധനായിരിക്കുന്നപ്രകാരം നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു പിതാവാം ദൈവവും, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും എന്നു പുത്രനാം ദൈവവും അരുളിയിട്ടുള്ളതു് ഓർത്തുകൊണ്ടു്, മാർ പൗലൂസ് ശ്ലീഹാ പ്രബോധിപ്പിച്ചിരിക്കുന്നപ്രകാരം "ശുദ്ധീകരണം പ്രാപിക്കുവാൻ ഉത്സാഹിക്കുക; ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" ആ അനുഭവത്തിലേക്കു കടക്കുവാൻ തക്കവണ്ണം നമ്മുടെ ശാബതിനെ നാം ആചരിക്കണം. "പാപം "നമ്മിൽ നഷ്ടപ്പെടുത്തുന്ന ദൈവതേജസ്സിനെ നാം പുതുക്കണം." "ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലൊ. 1 തീ 4:5. ഇതു വായിക്കുന്നവൻ ചിന്തിക്കട്ടെ. ശുദ്ധീകരണം ആവശ്യമല്ലയോ? കർത്തൃദിനാചരണം അതിനു സഹായമല്ലയോ? ശാബതു ദിവസത്തെ പരിശുദ്ധമായി ആചരിപ്പാൻ ഓർത്തുകൊൾക എന്ന കല്പന നാം അവഗണിക്കാമോ? അന്നു നാം ഒരുക്കത്തോടും വഴിപാടുകളോടും കൂടെ ദൈവാലയത്തിൽ ചെന്നു വി: കുർബാനാരാധനയിൽ സംബന്ധിക്കേണ്ടതല്ലയോ? കർത്താവിന്റെ ദിവസത്തെക്കുറിച്ചു് ഒരു കാര്യംകൂടെ നമ്മൾ ഓർത്തിരിക്കുന്നതു കൊള്ളാം. ഞായറാഴ്ച ദിവസം വരുവാനിരിക്കുന്ന ലോകത്തിനു സദൃശ്യമാകുന്നു. അവിടെ മഹോന്നതനായ ദൈവത്തെ സകലരും സദാ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നപ്രകാരം ഇവിടെ സകല വിശ്വാസികളും ഞായറാഴ്ച വിശേഷവിധിയായ സ്തുതിയും ആരാധനയും അവിടുത്തേക്കു സമർപ്പിക്കേണ്ടതാകുന്നു. അങ്ങനെ, കർത്താവിന്റെ ദിവസത്തെ പരിശുദ്ധമായി ആചരിക്കുന്നതിനാൽ വരുവാനിരിക്കുന്ന ലോകത്തിന്റെ നിഴലായ ഒരു അനുഭവം നമുക്കു് ആസ്വദിക്കാവുന്നതത്രെ. അതു നമുക്കു് ഇഹത്തിൽ നൽകപ്പെട്ടിരിക്കുന്ന ഒരു ഭാഗ്യംതന്നെ ആകുന്നുവല്ലൊ. എന്നാൽ ഞായറാഴ്ചയെ ശേഷം ആറുദിവസങ്ങൾപോലെ ലൗകികകാര്യങ്ങൾക്കായി വിനിയോഗിച്ചാൽ നാം ആഴ്ചതോറും ആത്മാവിൽ അധ:പതിക്കുകയും ദിവ്യാരാധനയിൽ വിമുഖരാകയും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവന്റെ ദിവ്യാനുഭവങ്ങൾക്കു സ്വയം ഇതരരാകുകയും ചെയ്യും. ആകയാൽ ഇത്ര വലിയ രക്ഷാമാർഗ്ഗത്തെ നാം അവഗണിച്ചുകൂടാത്തതാകുന്നു. അതിനെ അവഗണിക്കുന്നതു് "ദൈവത്തോടു::

ക്രിസ്ത്യാനികൾക്കു ലഭിച്ച ചെമ്പേടുകളിലെ ഉള്ളടക്കം.

(റവ. ഫാദർ ഐ. ഡാനിയേൽ ഡി. ഡി., എഫ്. പി എച്ച്. എസ്സ്., ചെപ്പാട്ട്)

പൂർവ്വീകകാലം മുതലെ കേരള രാജാക്കന്മാർ നൽകിയ ചെമ്പേടുപദവികൾ മുഖാന്തിരം ക്രിസ്ത്യാനികളുടെ സാമൂഹ്യനില മലങ്കരയിൽ വളരെ ഉയന്നിരുന്നു. രാജാക്കന്മാർക്കും രാജകുടുംബാംഗങ്ങൾക്കുമുള്ള പല പദവികളും ക്രിസ്ത്യാനികൾക്കവകാശമായി. ക്രിസ്ത്യാനികൾ ചെമ്പേട സ്വീകരണം മുതൽ മലയാളത്തെ ഉയന്ന വർഗ്ഗങ്ങളിൽ ഒന്നായിത്തീന്നു. അവരുടെ സാമൂഹ്യസ്ഥാനം ബ്രാഹ്മണരുടേതിൽ ഒട്ടും കുറയാത്തതും പല സംഗതികളിലും രാജകുടുംബങ്ങളോടു സമത്തിലുള്ളതുമായിരുന്നു.

ഏഷ്യാററിക്ക സൊസൈററി ജർണ്ണലിൽ "മലയാളത്തെ പ്രാചീനസഭയെപ്പററിയുള്ള സ്മരണകൾ" എന്ന ഒരു പ്രൌഢലേഖനത്തിൽ ക്യാപ്ററൻ ചാറത്സ് സ്വാൻസ്റ്റൻ എന്ന ചരിത്രപണ്ഡിതൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "കാനായിലെ തോമ്മാ, പെരുമാൾ രാജാവിൻെറമേൽ തനിക്കുണ്ടായിരുന്ന സ്വാധീനശക്തിമൂലം മഹനീയങ്ങളും വിസ്തൃതങ്ങളുമായ പല പദവികളും കരസ്ഥമാക്കി. കേരളത്തിലെ ക്രിസ്ത്യാനികൾ അനന്തരശതാബ്ദങ്ങളിൽ അവ അഭംഗമായി അനുഭവിച്ചുപോരുകയും, മാർതോമ്മാ ക്രിസ്ത്യാനികൾ ഉൽകൃഷ്ട ജാതിക്കാരോടു തുല്യമായ ഒരു സ്ഥിതിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. വൈദീകവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ മെത്രാന്മാരെ വിധിയാളന്മാരായി സ്വീകരിക്കയും അവർ ലൌകീകവും അദ്ധ്യാത്മീകവുമായ കാര്യങ്ങളിൽ അധികാരം നടത്തുകയും ചെയ്തിരുന്നു. ഒരു ഹൈന്ദവരാജാവിന് അദ്ദേഹത്തിൻെറ രാജ്യത്ത് എത്രയധികം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നോ, അത്രയധികം അദ്ദേഹത്തെ മററുള്ളവർ ബഹുമാനിക്കയും ഭയപ്പെടുകയും ചെയ്തിരുന്നു. രാജാക്കന്മാർതന്നെയും അസാധാരണ വണക്കം കാണിക്കുന്ന ബ്രാഹ്മണർ കഴിഞ്ഞാൽ ഒന്നാമത്തെ സ്ഥാനം ക്രിസ്ത്യാനികൾക്കാണുള്ളത്. രാജ്യത്തിലെ നിയമങ്ങളനുസരിച്ചു നായംകുടി പരിഷകളുടെയെല്ലാം സംരക്ഷകർ ക്രിസ്ത്യാനികളായിരുന്നു. ക്രിസ്ത്യാനികളുടെ ചില പദവികൾ ഏതാണ്ട് അവരുടെ രാജാക്കന്മാർക്കു തുല്യമായ നില അവർക്കു നൽകിയിരുന്നു. രാജാവിൻെറ

ഞങ്ങളെ വിട്ടുപോക; നിൻെറ വഴികളെ അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ സർവ്വശക്തനെ സേവിപ്പാൻ അവൻ ആർ?" (ഇയ്യോബ് 21:14-15) എന്നു പറയുന്നതിനു തുല്യമല്ലേ ഗ. അതു് അരുതേ. എന്നാലോ, നമ്മെ വിളിച്ച വിശുദ്ധനു് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപടികളിലും വിശുദ്ധരായിത്തീരുന്നതിനു ശ്രമിക്കുക.

പ്രാർത്ഥന:—ഞങ്ങളുടെ കർത്താവേശു മ്ശിഹാ, നീ കബറിൽനിന്നു് ഉയിർത്തെഴുനേല്ക്കുകയും മരണത്തെ കൊല്ലുകയും ചെയ്ത ഞായറാഴ്ച എല്ലാ ദിവസങ്ങളെക്കാളും മഹിമ ഉള്ളതാകുന്നു. മരിച്ചവർക്കു് അന്നു് ആശ്വാസവും ജീവിതക്കു പ്രത്യാശയും ഉണ്ടായി. സ്വർഗ്ഗവും ഭൂമിയും അതിൽ സന്തോഷിച്ചു: അതിനെ വിശ്വാസത്തോടെ ആചരിക്കുന്നവർക്കു ഭാഗ്യം. കടന്നുപോകുന്ന ഞായറാഴ്ച താഴെയുള്ള മദ്ബഹായിലെ ആരാധനയിലും തിരുശരീരരക്തങ്ങളിലും ഞങ്ങളെ സംബന്ധിപ്പിക്കുന്ന ദൈവപുത്രാ, കടന്നുപോകാത്ത ആ ഞായറാഴ്ച നിൻെറ വലത്തുഭാഗത്തുനിന്നു മേലുള്ള മദ്ബഹായിലെ ആരാധനയിൽ സംബന്ധിപ്പാനും നിൻെറ മഹത്വത്തെ ദർശിപ്പാനും, നിൻെറ വിശുദ്ധ മാലാകമാരോടും എല്ലാ പരിശുദ്ധന്മാരോടുംകൂടെ നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഹാലേലുയ്യാ പാടുവാനും ഞങ്ങൾക്കും ഞങ്ങളുടെ വാങ്ങിപ്പോയവർക്കും സംഗതിയാക്കണമെ—ആമ്മീൻ.

യും അദ്ദേഹത്തിന്റെ മന്ത്രിയുടെയും മുമ്പാകെ ഒരേ പരവതാനിയിൽ അവർ ഇരുന്നിരുന്നു. ഇതു രാജപ്രതിനിധികൾക്കു മാത്രം അനുവദിച്ചിട്ടുള്ള ഒരു പദവിയായിരുന്നു" ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള നാലു ചെമ്പേടിലും ഏറെക്കുറെ ഒരുപോലെയുള്ള പദവികളും അവകാശങ്ങളും കാണുന്നുണ്ട്. അൽപ്പസ്വൽപ്പ വ്യത്യാസങ്ങൾ എല്ലാം പദവികളുടെ എണ്ണത്തിൽ കണ്ടേക്കാമെങ്കിലും സാരാംശത്തിൽ വലിയ വ്യത്യാസങ്ങൾ കാണുകയില്ല

1) ഒന്നാമത്തെ ചെമ്പേട് മഹോദവർ (കൊടുങ്ങല്ലൂർ) പട്ടണത്തിലെ ക്രിസ്ത്യൻനേതാവായിരുന്ന ഇരവികാത്തനു് എ.ഡി. 230-ൽ വീരരാഘവചക്രവർത്തി കൊടുത്തതായിരുന്നു. അതിലെ ഉള്ളടക്കം ഏതാണ്ടു താഴെവരുന്നപ്രകാരമാണ്. "മണിഗ്രാമപട്ടവും, വിളവാടയും, പവനത്താങ്കും, മററു് അവകാശങ്ങളും, കടത്തുവാണിജ്യവും, വാണിജ്യത്തിനു കുത്തകയും, മുൻചൊല്ലും, മുൻനടയും, പഞ്ചവാദ്യവും, ശംഖും, പകൽവിളക്കും, പാവാടയും, അന്ദോളവും, കൊററക്കുടയും, വട്ടകപ്പുറയും, ഇടപ്പടിതോരണവും, നാലുചേരിയിലെ കുത്തകയും കൊടുത്തിരിക്കുന്നു. വാണിയരെയും ഐങ്കമ്മാളരെയും അടിമ കൊടുത്തിരിക്കുന്നു.

"പാകൊണ്ടളന്നു്, കട്ടികൊണ്ടു തൂക്കി നൂലുകൊണ്ടളന്നു്, എണ്ണുന്നതിലും എടുക്കുന്നതിലും, ഉപ്പു ശക്കര വിളക്കെണ്ണതൊട്ടു കസ്തൂരിവരെയുള്ള എല്ലാററിനും തരകം അതിനടുത്ത ചുങ്കവുംകൂടെ നഗരത്തിനു കർത്താവായ ഇരവികോത്തനും മക്കൾക്കും അവരുടെ സന്തതികൾക്കും പാരമ്പര്യാവകാശമായി കൊടുത്തിരിക്കുന്നു."

2) എ.ഡി. 345-ൽ ചേരമാൻപെരുമാൾ ചക്രവർത്തി ക്നായിത്തോമ്മായിക്കു കൊടുത്ത ചെമ്പേട് മുഖാന്തിരം ക്രിസ്ത്യാനികൾക്കു ലഭിച്ച എഴുപത്തിരണ്ടു പദവികൾ താഴെ പറയുന്നവയാണ്. "1 നെററിക്കെട്ടു്, 2. ഉച്ചിപ്പൂവു്, 3. മുടി, 4. മുടിക്കീഴാഭരണം, 5 പതക്കം, 6 കൈക്കാറ 7. തോൾവള. 8. കൈത്തള, 9 കാൽത്തള, 10. കാൽചിലമ്പു്, 11. വീരശൃംഖല, 12 കച്ച, 13 കച്ചപ്പുറം, 14 തൊങ്ങൽ, 15 മെതിയടി, 16 പട്ടുചട്ട, 17 പട്ടുറുമാൽ, 18 പട്ടുമുണ്ടു്, 19 പണിപ്പുടവ, 20 ആനസ്സവാരി, 21 കുതിരസ്സവാരി, 22 തണ്ടു്. 23 പല്ലക്കു്. 24 അന്തോളം; 25 തൂക്കുമഞ്ചം, 26 പരവതാനി, 27 രാജസമക്ഷം ഇരിപ്പു്, 28 പടിപ്പുര, 29 അറപ്പുര, 30 മന്നക്കോലം, 31 അമ്പാരി, 32 അങ്കണം, 33 ഭൂമി കരമൊഴിവു്, 34 രാജഭാഗമൊഴിവു്, 35 വിരിപന്തൽ, 36 പന്തൽവിതാനം, 37 നട, 38 ആർപ്പു്, 39 കുരവ, 40 തകിൽ, 41 മദ്ദളം; 42 ചെണ്ട, 43 തമ്പേറു്, 44 വീരമദ്ദളം, 45 കുഴൽ, 46 വീണ, 47 പകൽവിളക്കു്, 48 പാവാട, 49 കൊടി, 50 തഴക്കുട, 51 ആലവട്ടം, 52 വെഞ്ചാമര, 53 ഇടംപിരിചങ്കു്, 54 വലംപിരിചങ്കു്; 55 നേർവാൾ, 56 നെട്ടൂർപെട്ടി, 57 നെടിയകുട, 58 വീരവാദ്യം, 59 പഞ്ചവാദ്യം, 60 കങ്കണം, 61 അമ്മുലം, 62 മുമ്മുലം, 63 നായകുടിപരിഷയ്ക്കുടമ, 64 പതിനേഴു പരിഷയ്ക്കു കർത്തൃത്വം, 65 തിണ്ടലകററൽ, 66 രാജവാദ്യം, 67 തീവെട്ടി, 68 തോരണം, 69 ശംഖ്. 70 ചെല്ലി, 71 ചെങ്കൊമ്പു്, 72 നായാട്ടുഭാഗം. മേൽ വിവരിച്ച 72 പദവികളിൽ പലതും അർത്ഥശൂന്യവും നിരുപയോഗവുമായിത്തീർന്നിട്ടുണ്ടു്. എങ്കിലും മേൽക്കാണുന്ന 72 പദവികളിൽ മിക്കവയും ക്നാനായക്കാർ ഇന്നും ഓരോ സന്ദർഭങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ടു്.

നെററിക്കെട്ടു്, ഉച്ചിപ്പൂവു്, മുടി, മുടിക്കീഴാഭരണം, കൈക്കാറ, തോൾവള, നട, തഴക്കുട, പാവാട, പതിനേഴുപരിഷ, തീവെട്ടി ഇവയെല്ലാം ഈ അടുത്തകാലംവരെ ക്നാനായക്കാർ കല്യാണങ്ങളിൽ ഉപയോഗിച്ചുവന്നിരുന്നവയും പലതും ഇന്നും ഉപയോഗിച്ചുവരുന്നവയുമാണ്. കല്യാണത്തിൽ അന്തംചാർത്തു ചടങ്ങിനു പതിനേഴുപരിഷയ്ക്കു മേലുള്ള മാളോരോടു ചോദിക്കുന്നു എന്നു ക്ഷൗരകൻ മൂന്നുപ്രാവശ്യം കല്യാണപന്തലിൽവച്ചു പരസ്യമായി ചോദിച്ചതിനു ശേഷമേ ഇന്നും ചെറുക്കനെ അന്തം ചാർത്തുകയുള്ളു.

3) എ.ഡി. 825-ൽ കൊല്ലത്തുവന്ന പേർഷ്യൻ വ്യാപാരി സബറീശോ മുഖാന്തിരം കൊല്ലം രാജാവായ അയ്യനടികൾ സ്ഥാണുരവിഗുപ്തചക്രവർത്തിയുടെ കല്പനപ്രകാരം കൊല്ലം

തരീസാപള്ളിക്കും ക്രിസ്ത്യാനികൾക്കും കൊടുത്ത പദവികൾ (തരീസാപള്ളിയുടെ ഒന്നാം ചെമ്പേടിലെ) ഇപ്രകാരമാണ്. "നാലുകുടി ഈഴവരും, അക്കുടിയിൽ കേറും ഈഴക്കൈയർ എട്ടുപേരും, ഒരു മണ്ണാക്കുടിയും ഇവരിൽ യാതൊരുവരിൽനിന്നും തളക്കാണവും ഏണിക്കാണവും വീടുമേയാൻ വാങ്ങിക്കുന്ന കരവും, ചാന്നാമനോട്ടു മേനിപ്പൊന്നും, പൊലിപ്പൊന്നും ഇരവുചോറും, കുടനാഴിയും ഇതൊന്നും വാങ്ങിക്കൂടാ. ഭാരക്കോലും കപ്പാനും പഞ്ചകണ്ടിയും മുൻപു ലഭിച്ചിരുന്നവ നീർവീഴ്ത്തിക്കൊടുത്തിരിക്കുന്നു. ഈ നാലുകുടി ഈഴവരെയും, ഒരുകുടി മണ്ണാനെയും എല്ലാവക കരവും തരീസാപള്ളിക്കാർക്കു വിടുപേറായി ചെമ്പുപത്രം എഴുതി നീർവീഴ്ത്തിക്കൊടുത്തിരിക്കുന്നു.

ഈ ഈഴവർ തങ്ങളുടെ വണ്ടി കൊണ്ടു വന്ന് അങ്ങാടിയിലും, കോട്ടയ്ക്കകത്തും തൊഴിൽചെയ്തുകൊള്ളാം. മണ്ണാനും വന്ന് അങ്ങാടിയിലും കോട്ടയ്ക്കകത്തും തന്റെ ജോലി ചെയ്തുകൊള്ളാം ഈഴവരുടെ പ്രമാണിയും, കോട്ടയുടെ നായകനും, മററു യാതൊരുത്തനും യാതൊരു കുററത്തിൻപേരിലും ഇവരെ ഉപദ്രവിച്ചുകൂടാ. കുററംചെയ്താലും ഇവരെ പള്ളിക്കാർ തന്നെ വിചാരണചെയ്തുകൊള്ളട്ടെ."

4) സബറീശോ മുഖാന്തിരം തരീസാപള്ളിക്കു ലഭിച്ച രണ്ടാംചെമ്പേടിൽ പറയുന്ന പദവികൾ താഴെ ചേർത്തിരിക്കുന്നു—"രണ്ടുകുടി വാണിയരും, ഒരുകുടി ആശാരിയും, പള്ളി ഭൂമിയുടെ കാരാണ്മക്കാരായി നാലുകുടി വെള്ളാളരും, ഇവരെല്ലാം പള്ളിക്കു നടേണ്ടവ നട്ട് ഇടേണ്ടവ ഇട്ട് എണ്ണയ്ക്കും പള്ളിക്കു വേണ്ടുന്ന മററാവശ്യങ്ങൾക്കും കുറവു വരുത്താതെ ഇരിക്കത്തക്കവണ്ണം വ്യവസ്ഥചെയ്ത് ഈ നഗരം നിർമ്മിച്ചു നീർവാങ്ങിയ മരുവാൻ സബറീശോ പണിയിച്ച തരീസാപള്ളിക്കു കൊല്ലം രാജാവ് അയ്യനടികൾ കൊടുത്ത ഭൂമിയാവിത്. ഈ ഭൂമിക്കതിര്—കിഴക്ക് വയൽക്കാട് അതിരായും, കായലും ഉൾപ്പടെ തെക്കുകിഴക്ക് ചെറുവാതിൽക്കൽ മതിൽ അതിരായും, പടിഞ്ഞാറു കടൽ അതിരായും, വടക്ക് തോരണത്തോട്ടം അതിരായും, വടക്കുകിഴക്ക് പുനാത്തല അണ്ടിലൻ തോട്ടം അതിരായും ഈ നാലതിരിലും(?) ഉൾപ്പെട്ടഭൂമി പിടിനടത്തി ചെമ്പുപത്രമെഴുതിക്കൊടുത്തിരിക്കുന്നു. ഈ ഭൂമിയിലെ കുടിയാന്മാർ എന്തു കുററം ചെയ്താലും പള്ളിക്കാർതന്നെ ഈ കുററംതീർത്തു തലവിലയും മുലവിലയും പള്ളിക്കാർതന്നെ പററിക്കൊള്ളട്ടെ. നമ്മുടെ ആളുകൾ ആരും ഒരു കുററത്തിനും ഈ ഭൂമിയിലെ കുടിയാന്മാരോടു ചോദ്യംചെയ്തുകൂടാ.

കരവഴി വരുന്ന ചരക്കിന് അറുപതിലൊന്നു ചുങ്കം ഉള്ളത് ഇവർ കൊടുക്കണ്ടാ. അഴിച്ചുങ്കവും വേണ്ട. ഇവർ വിലയ്ക്കു കൊള്ളുന്ന അടിയാൾക്ക് ആറംകാശു നാം വാങ്ങിക്കൂടാ. വരുന്ന വാഹനത്തിനു വരവിലും പോക്കിലും എട്ടുകാശ് ഇവർ വാങ്ങിക്കൊള്ളാം. വള്ളത്തിനും, പടകിനും പോക്കിലും വരത്തിലും നാലുകാശു വാങ്ങിക്കൊള്ളാം. ചുങ്കം തീരേണ്ട ചരക്കിന് ഇവരെക്കൂടെ വച്ചു ചുങ്കം തീർത്തുകൊള്ളണം. ചരക്കിനു വിലയിടുന്നതും മററെല്ലാ രാജകാര്യവും ഇവരെക്കൂടെ വച്ചേ ചെയ്യാവൂ. അന്നന്നു പിരിയുന്ന ചുങ്കം അഞ്ചുവണ്ണവും മണിഗ്രാമവും സൂക്ഷിച്ചുവച്ചുകൊള്ളണം. വിവാഹത്തിന് ആനമേൽ മണ്ണീർ മുതലായ എഴുപത്തിരണ്ടുപദവികൾ കല്പിച്ചുകൊടുത്തിരിക്കുന്നു. കൊല്ലം നഗരം നിർമ്മിച്ചു നീർകൊണ്ട മരുവാൻ സബറീശോ പള്ളിവക ഒന്നാം ചെമ്പേടിൻപ്രകാരം പള്ളിക്കാർക്കു ലഭിച്ച ഭാരക്കോലും പഞ്ചകണ്ടിയുംകൊണ്ടു തൂക്കി തൂക്കക്കൂലി പള്ളിക്കു കൊടുത്തുകൊള്ളുകയും വേണം." ഇപ്രകാരമെല്ലാം രാജപദവികൾ ക്രിസ്ത്യാനികൾക്കു ലഭിക്കയാൽ അവരുടെ സാമൂഹ്യസ്ഥിതി പൂർവ്വികകാലം മുതലേ മലങ്കരയിൽ വളരെ ഉയർന്നിരുന്നു എന്നുള്ളതു സംശയലേശമെന്യേ തെളിയുന്ന ഒരു പരമാർത്ഥമാണ്.

അദ്ധ്യക്ഷപ്രസംഗം

(30-2-125-ൽ കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിമൈതാനത്തു സമ്മേളിച്ച സഭാസമാധാന മഹാസമ്മേളനത്തിൽവച്ചു ഗ്രീസിലെ പീററർ രാജകുമാരൻ ചെയ്തതു്)



6-ാംശതാബ്ദത്തിൽ ഗ്രീസിൽനിന്നു മലയാളക്കര സന്ദർശിച്ച കോസ്മാസ്-ഇൻഡിക്കൊപ്ലെസ്റ്റസ് എന്നയാൾ കഴിഞ്ഞാൽ പിന്നെ, കേരളവുമായി അടുത്ത ബന്ധത്തിലേർപ്പെട്ട ഗ്രീക്കുകാരൻ ഞാനാണെന്നു തോന്നുന്നു. ഞങ്ങളുടെ സഭയും നിങ്ങളുടെ സഭയും രണ്ടും പുരാതനങ്ങളാണ്. പാരമ്പര്യങ്ങളിലും ആചാരനടപടികളിലും അവ തമ്മിൽ ബന്ധമുണ്ട്. മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികളോട് എനിക്കു വലിയ സ്നേഹം തോന്നുന്നു. അവരെ സഹായിക്കണമെന്നും എനിക്ക് അതിയായ ആഗ്രഹമുണ്ട്. ഈ മഹായോഗത്തിൽ അദ്ധ്യക്ഷത വഹിക്കാൻ എന്നെ ക്ഷണിക്കണമെന്നു നിങ്ങൾക്കു തോന്നിയതിൽ ഞാൻ ദൈവത്തോടു കൃതജ്ഞനായിരിക്കുന്നു. നിങ്ങളെ സഹായിക്കുന്നതിനായി ഞാൻ എന്റെ സർവ്വശക്തികളും പ്രയോഗിക്കുന്നതായിരിക്കും.

ഇവിടെ അതിപുരാതനമായ ഒരു സഭയുണ്ടെന്ന് ഇവിടെ വരുന്നതിനു മുമ്പുതന്നെ ഞാൻ അറിഞ്ഞിരുന്നു. എങ്കിലും നേരിട്ടു പരിചയമില്ലാത്ത പലരെയുംപോലെ എനിക്കും നിങ്ങളുമായി അടുത്തു പരിചയപ്പെടണമെന്ന് ആഗ്രഹം തോന്നിയിരുന്നു. നിങ്ങളെ സഹായിക്കണമെന്നുള്ള ആഗ്രഹം ഒരു ഭൂതോദയംപോലെയാണ് എന്നിൽ അങ്കുരിച്ചതു്. ആറുമാസം മുമ്പാണ് ഇവിടത്തെ സുറിയാനിക്കാരുമായി ഞാൻ പരിചയപ്പെട്ടതു്. നിങ്ങൾ യഥാർത്ഥ ക്രിസ്ത്യാനികളാണെന്നും, നിങ്ങൾ ക്രിസ്തുമതത്തിന്റെ ഏററവും പ്രാചീനവും പരിശുദ്ധവുമായ പാരമ്പര്യങ്ങൾ പുലർത്തിപ്പോരുന്നവരാണെന്നും ഞാൻ മനസ്സിലാക്കി. നിങ്ങളുടെ ദേവാലയങ്ങളിലെ ഭക്തിമയമായ അന്തരീക്ഷം എന്നെ വളരെ സ്പർശിച്ചു. അനേക ശതാബ്ദക്കാലത്തെ കഷ്ടതകൾക്കും പരീക്ഷണങ്ങൾക്കും ശേഷവും നിങ്ങൾ ഈ നില പുലർത്തിക്കൊണ്ടുപോരുന്നതിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഇവിടത്തെ നിങ്ങളുടെ സഭാപരമായ കാര്യങ്ങളിലേക്കു കുറേക്കൂടി ചുഴിഞ്ഞുനോക്കുമ്പോൾ, ഇവിടെ നിങ്ങൾക്കു പല പ്രയാസങ്ങളും ആന്തരികഭിന്നതകളും ഉണ്ടെന്നും, ഈ ദുരവസ്ഥയെപ്പററി നിങ്ങളിൽ പലരും അത്യന്തം ഉൽക്കണ്ഠാഭരിതരാണെന്നും ഞാൻ മനസ്സിലാക്കുന്നു. എന്നാൽ അതേസമയംതന്നെ, സഭയിലെ ഭിന്നതകൾ അവസാനിപ്പിച്ച് ഐക്യത സംസ്ഥാപിക്കണമെന്ന് ആത്മാർത്ഥമായ അഭിനിവേശമുള്ളവരായി ഇരുപക്ഷത്തും ധാരാളം ആളുകൾ ഉണ്ടെന്നും ഞാൻ കാണുന്നു.

ഇതിൽനിന്നും, നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികളെന്നും ഇപ്പോഴത്തെ ക്ലേശപരീക്ഷണങ്ങളിലൂടെ ഈ സഭ പൂർവ്വാധികം ശോഭനമായ ഒരു ഭാവിയിലേക്കു നീങ്ങുകയാണു ചെയ്യുന്നതെന്നു പ്രത്യാശിക്കാൻ ധാരാളം വകയുണ്ടെന്നും വ്യക്തമാക്കുന്നു. ഒരു പക്ഷെ സഭ കൂടുതൽ ശക്തിവികാസം പ്രാപിക്കുന്നതിന് ഇത്തരം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതും ആവശ്യമായിരിക്കാം. ആശാവഹമായ ഒരു ഭാഗധേയ സംപ്രാപ്തിയിലേക്കു നമ്മെ സജ്ജീകരിക്കുന്ന ഒരു ശിക്ഷാക്രമപരിപാടിയായിട്ടാണു ഞാൻ ഈ ദുരിതക്ലേശാനുഭവങ്ങളെ കണക്കാക്കുന്നതു്. ഭിന്നതകൾ അവസാനിപ്പിക്കുന്ന വിഷയത്തിൽ നിങ്ങൾ അനാസ്ഥരായിരുന്നെങ്കിൽ എനിക്കു വലിയ ശുഭാപ്തിവിശ്വാസം തോന്നുകയില്ലായിരുന്നു എന്തുകൊണ്ടെന്നാൽ കലഹത്തെക്കാളധികമായ, കലഹം എങ്ങനെയെങ്കിലും അവസാനിപ്പിക്കണമെന്നുള്ള ആഗ്രഹമില്ലായ്മ—അനാസ്ഥ—യാണു നമ്മുടെ [illegible]തവിശ്വാസത്തെ ഹനിക്കാൻ പര്യാപ്തമായ വിപത്തു്. ഈ സഭാചരിത്രം ആരംഭിച്ചിട്ടു 36 വർഷമായെന്നാണെന്റെ അറിവു്. അന്നെനിക്കു 4 വയസ്സുപ്രായമേ ഉള്ളു. മാർ അബ്ദുള്ളാ പാത്രിയർക്കീസ് മാർ ദീവന്നാസ്യോസ് 6-മനെ മുടക്കിയതുമുതലാണു് ഇവിടെ കലഹമുത്ഭവിച്ചതു്. മാർ അബ്ദുൽ മ്ശിഹാ പാത്രിയർക്കീസ് പുരാതനമായ കാതോലിക്കാസിംഹാസനം ഇവിടെ പുനഃസ്ഥാപിക്കയും കണ്ടനാട്ടു് മാർ ഈവാനിയോസിനെ ആ സിംഹാസനത്തിൽ അവരോധിക്കുകയും ചെയ്തതോടുകൂടി അതു ശക്തിപ്പെട്ടു. സിറിയായിലെ അന്നത്തെ അന്തഃച്ഛിദ്രങ്ങളുടെ ഒരു പ്രത്യാഘാതമായിരുന്ന ഈ സംഭവഗതികളെന്നു ഞാൻ വിചാരിക്കുന്നു. അതു വളർന്നു് ഇന്നത്തെ നിലയിലായിത്തീർന്നിരിക്കുന്നു. ഇതൊരു യഥാർത്ഥ ദുർഘടപ്രശ്നമാണെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും അതിരുകവിഞ്ഞ നൈരാശ്യത്തിനോ സംഭ്രമത്തിനോ വകയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾ മററു സ്ഥലങ്ങളിലുള്ളവരെക്കാൾ കലഹപ്രിയരാണെന്നു നിങ്ങളിൽ ചിലർ വിചാരിക്കുന്നതായി എനിക്കു തോന്നി. എന്നാൽ ഈ രാജ്യം സന്ദർശിക്കുന്ന എന്നെപ്പോലെയുള്ള വിദേശീയാതിഥികൾക്കു തോന്നുന്നതു്, ഇൻഡ്യാ എത്ര മതസഹിഷ്ണുതയുള്ള ഒരു രാജ്യമാണെന്നത്രെ. വെറും നിസ്സാരകാര്യങ്ങളാണീ വഴക്കിനടിയിൽ കിടക്കുന്നതെന്നും നിങ്ങളിൽ ചിലർ കരുതുന്നുണ്ടായിരിക്കാം. എന്നാൽ എന്റെ അഭിപ്രായം അതല്ല. നിങ്ങളുടെ പ്രശ്നങ്ങൾ വാസ്തവത്തിൽ ഗുരുതരങ്ങൾതന്നെയാണു്. പണ്ടേക്കുപണ്ടേ ഗ്രീക്കു് ഓർത്തഡോക്സ് സഭയെ ബാധിച്ചിരുന്ന പ്രശ്നങ്ങളും നിങ്ങളുടെ പ്രശ്നങ്ങളും തമ്മിൽ വളരെ സാമ്യമുണ്ടു്. ഈ വിഷയത്തെപ്പററി നടത്തിയ 4 വർഷക്കാലത്തെ അദ്ധ്യയനത്തിൽനിന്നു ഞാൻ ഗ്രഹിച്ചിരിക്കുന്നതു് അങ്ങനെയാണു്. എന്നാൽ ഞങ്ങളുടെ സഭയുടെ കുഴപ്പങ്ങളെല്ലാം ഇപ്പോൾ അവസാനിച്ചിരിക്കുകയാണു്. അതെങ്ങനെയാണു സാധിച്ചതെന്നു ഞാൻ സ്വല്പസമയത്തിനുള്ളിൽ നിങ്ങളോടു പറയാം.

അതിനാൽ നിങ്ങളുടെ സഭയിലെയും കുഴപ്പങ്ങൾ തീരുകയില്ലെന്നു വിചാരിക്കാൻ ഞാൻ കാരണങ്ങളൊന്നും കാണുന്നില്ല. ഞങ്ങളുടെ സഭാഭിന്നതകൾ അവസാനിപ്പിക്കുന്നതിൽവച്ചു ഞങ്ങൾക്കുണ്ടായ അനുഭവങ്ങൾ നിങ്ങളുടെ കുഴപ്പങ്ങൾ തീർക്കുന്നതിനും സഹായകവും പ്രയോജനകരവുമായിത്തീരാവുന്നതാണു്. നിങ്ങൾ ക്രിസ്തുസഭാലോകത്തിന്റെ മഹനീയ കേന്ദ്രങ്ങളിൽനിന്നു വിദൂരസ്ഥരാകയാൽ, ഒരുപക്ഷെ അന്യസ്ഥലങ്ങളിലെ കുഴപ്പങ്ങൾ അവസാനിച്ചതു് ഏതെല്ലാംവിധങ്ങളിലായിരുന്നു എന്നറിയാനും ആ അറിവിനെയും ഇതരസഭകളുടെ അനുഭവങ്ങളെയും പ്രയോജനപ്പെടുത്താനും നിങ്ങൾക്കു് ഇതേവരെ വേണ്ടത്ര സാധിച്ചിട്ടില്ലെന്നു വരാം.

ക്രിസ്തുമതത്തിന്റെ ആവിർഭാവത്തോടനുബന്ധിച്ച പ്രാരംഭശതാബ്ദങ്ങളിൽ ഇതുപോലെതന്നെയുള്ള കുഴപ്പങ്ങൾ ഞങ്ങളുടെ സഭയെയും ബാധിച്ചിരുന്നു. അക്കാലത്തു കോൺസ്റ്റാന്റിനോപ്പിളിൽനിന്നു ഭരണം നടത്തിയിരുന്ന ബൈസന്റൈൻ സാമ്രാജ്യം ഗ്രീക്കേതരരാജ്യങ്ങളായ സിറിയാ, അറേബിയാ, എജിപ്തു്, അബിസീനിയാ, പശ്ചിമപേർഷ്യാ എന്നിവിടങ്ങളിലൂടെ അർമീനിയായുടെ അതിർത്തികൾവരെ വ്യാപിച്ചുകിടന്നു. മേല്പറഞ്ഞ സ്ഥലങ്ങ

ളിൽ ഗ്രീക്കു കോയ്മയ്ക്കെതിരായി വളർന്നുവന്ന ദേശീയപ്രസ്ഥാനങ്ങൾ, പേർഷ്യായിൽ നെസ്തോറിയൻ സഭയായും, എജിപ്ത്, സിറിയാ, അർമ്മിനിയാ, അബിസീനിയാ എന്നീ സ്ഥലങ്ങളിൽ Monophysitisons ആയും രൂപാന്തരപ്പെട്ടു. ഈ ക്രിസ്തുസഭകളുടെമേൽ ഞങ്ങൾക്കു—ഗ്രീസുകാർക്ക്—ഉണ്ടായിരുന്ന പിടിപാടു നഷ്ടപ്പെട്ടു. ഞങ്ങൾ —ഗ്രീസുകാർ—കേന്ദ്രത്തിൽനിന്നു സ്വേച്ഛാധിപത്യഭരണം നടത്തിയതാണതിനു കാരണം. സുറിയാനിക്കാരും യവുനായ ക്രിസ്ത്യാനികളും തമ്മിലുണ്ടായിരുന്ന വഴക്കുമൂലമാണ് ഇസ്ലാംമതത്തിനു പ്രാബല്യം സിദ്ധിച്ചതെന്നുപോലും പറയപ്പെടുന്നു. 11-ാംശതകത്തിൽ റോമൻകത്തോലിക്കർ ഞങ്ങളുടെ സഭയിൽനിന്നും പിരിഞ്ഞപ്പോഴും ഇങ്ങനെ തന്നെയാണു സംഭവിച്ചതു്. അന്നു ഞങ്ങൾ പഠിച്ചു. അന്യരുടെമേൽ സ്വേച്ഛാഭരണം നടത്തുന്ന രീതി പന്തിയല്ലെന്നു്. പിന്നീടൊരിക്കലും ഞങ്ങളതിനു ശ്രമിച്ചിട്ടുമില്ല. ഇന്നു ഞങ്ങൾ അധികാരകേന്ദ്രീകരണമില്ലാതെ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസിൻെറ കീഴിൽ വർത്തിക്കുന്നു.

ഞങ്ങൾക്കിപ്പോൾ 12 സ്വതന്ത്രസഭകളും ആഭ്യന്തരസ്വയംഭരണമുള്ള 4 സഭകളും ഉണ്ടു്. ചരിത്രപ്രാമാണ്യമനുസരിച്ചുള്ള അവയുടെ ക്രമം ഇങ്ങനെയാണു്. യറുശലേം, സൈപ്രസ്സ്, അലക്സാൻഡ്രിയാ, അന്ത്യോക്യാ, കോൺസ്റ്റാൻറിനോപ്പിൾ, സേർബിയാ (യൂഗോസ്ളാവ്യാ), റഷ്യാ, ഗ്രീസ്, റുമേനിയാ, പോളണ്ടു്, അൽബേനിയാ, ബൾഗേറിയാ എന്നീ രാജ്യങ്ങളിലെ സഭകൾ. അവസാനം പറഞ്ഞ 7 രാജ്യങ്ങളിലെ സഭകൾക്കും കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസാണു് ടോമോസ് എന്നു ഗ്രീക്കുഭാഷയിൽ പറയപ്പെടുന്ന വിധിയനുസരിച്ചു സ്വാതന്ത്ര്യം നൽകിയതു്. ഈ 12 സ്വതന്ത്രസഭകൾക്കു പുറമെ ഫിൻലണ്ടു്, എസ്തോണിയാ, ചെക്കോസ്ളോവാക്യ, ലാററുവിയാ എന്നിങ്ങനെ ആഭ്യന്തര സ്വയംഭരണമുള്ള 4 സഭകളുമുണ്ടു്. ഈ രണ്ടു വിധത്തിലുള്ള സ്വതന്ത്രസഭകൾക്കും ചില പൊതുതത്വസംഹിതകളുണ്ടു്. അവയെ നിയന്ത്രിക്കുന്നതു കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസാണു്. എന്നാൽ ബിഷപ്പന്മാരെ വാഴിക്കുന്നതുൾപ്പെടെയുള്ള എല്ലാ ഭരണകാര്യങ്ങളിലും ഈ സഭകൾ തികച്ചും സ്വതന്ത്രങ്ങളാണു്. ഇങ്ങനെ സംഘടനാപരമായ പല സ്വാതന്ത്ര്യങ്ങളുണ്ടായിരുന്നിട്ടും ഞങ്ങളുടെ സഭയിൽ പല വിഷമതകളും ഉണ്ടായിട്ടുണ്ടു്. ഉദാഹരണമായി, ഗ്രീക്കുസഭ സ്വതന്ത്രമായി അംഗീകരിക്കപ്പെടുന്നതിനു 1828 മുതൽ 1850 വരെ ശ്രമിക്കേണ്ടതായി വന്നു. ഗ്രീക്കു ദേശീയസഭ ഒരു സുന്നഹദോസിനാൽ ഭരിക്കപ്പെടുന്നതും സ്റ്റേററിൻെറ നിയന്ത്രണത്തിനു വിധേയവുമാണെന്നായിരുന്നു വാദം. എന്നാൽ പാത്രിയർക്കീസ് അതു് അംഗീകരിച്ചില്ലെന്നു മാത്രമല്ല ഗ്രീക്കുസഭയെ മുടക്കപ്പെട്ട സഭയായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു. കോൺസ്റ്റാൻറിനോപ്പിളിലെ ഗ്രീക്കുസ്ഥാനപതി 1850ൽ യാദൃശ്ചികമായി മരിച്ചുപോയതുകൊണ്ടാണു് ഒരു അനുരഞ്ജനംസാധിച്ചതു്. ശവസംസ്ക്കാരത്തിൽ പാത്രിയർക്കീസ് സംബന്ധിക്കുകയും ഗ്രീക്കു ഗവണ്മെൻറു് അദ്ദേഹത്തിനു് ഒരു ബഹുമതിമുദ്ര സമ്മാനിക്കുകയും ചെയ്തു. അതോടുകൂടി അനുകൂലമായ ഒരു അന്തരീക്ഷം സംജാതമായി. കൂടിയാലോചനകൾ തുടർന്നു, ഗ്രീക്കുസഭയുടെ സ്വാതന്ത്ര്യം പാത്രിയർക്കീസിൻെറ വിധിയനുസരിച്ചു് അംഗീകരിക്കപ്പെടുകയും ചെയ്തു. ഇത്തരത്തിലുള്ള വിഷമതകൾ ഗ്രീക്കുസഭയ്ക്കു നേരിട്ടുവെങ്കിൽ അന്ത്യോക്യാ പാത്രിയർക്കീസിൽനിന്നു് എത്രയോ ദൂരെ താമസിക്കുന്ന ഒരു സമുദായത്തിനു് ഇങ്ങനെയുള്ള വിഷമതകൾ നേരിടുന്നതു സ്വാഭാവികമാണല്ലോ.

അതുപോലെ 1859 മുതൽ 1885 വരെ 26 വർഷത്തെ തീവ്രസമരത്തിനു ശേഷമാണു റുമേനിയൻ സഭയ്ക്കു സ്വാതന്ത്ര്യം നൽകപ്പെട്ടതു്. ബൾഗേറിയൻ ശീശ്മ നീക്കപ്പെട്ടതു 1945-ൽ മാത്രമാണു്. 1870 മുതൽ 75 വർഷക്കാലം അതു നിലനിന്നിരുന്നു. ഞാൻ ഇത്രയും പ്രസ്താവിച്ചതിൽനിന്നു നിങ്ങളുടെ വിഷമതകളെ ഇങ്ങനെ അപഗ്രഥിക്കാമെന്നു തോന്നുന്നു. കാതോലിക്കാസ്ഥാപനം മലങ്കരയിൽ നിലനിൽക്കുന്നതു മലങ്കര ദേശീയതത്വത്തിൻെറ ഒരു പ്രകടനമാണു്. ഈ പ്രശ്നത്തിൻെറ നി

യമവശത്തെ പരിഗണിക്കാതെതന്നെയുള്ള ഒരു പരമാർത്ഥമാണതു്. ഈ പരമാർത്ഥത്തെ അംഗീകരിക്കുക എന്നുള്ളതാണു് എന്റെ അഭിപ്രായത്തിൽ ഇപ്പോഴത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരം. അർഹതയുള്ള അധികാരികൾ എത്ര വേഗത്തിൽ അതു് അംഗീകരിക്കുന്നുവൊ അത്രയും എളുപ്പം നിങ്ങളുടെ കുഴപ്പങ്ങൾ അവസാനിക്കും. ഞങ്ങളുടെ വിവിധസഭകൾക്കു സ്വാതന്ത്ര്യം നൽകിയതുമൂലം ഞങ്ങളുടെ പൗരാണികസഭകളുടെ ശക്തി വർദ്ധിക്കുകയല്ലാതെ മറ്റൊന്നുമുണ്ടായിട്ടില്ല. ഗ്രീക്കുസഭയിൽ ഞങ്ങൾക്കുണ്ടായ അനുഭവും അതാണു്. ഇന്നു നിങ്ങളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിഷമതകളിൽനിന്നു തന്മൂലം ഞങ്ങൾ വിമോചിതരായി. നിങ്ങളുടെ ഈ പൗരാണികസഭയും ഞങ്ങളുടെ ഈ അനുഭവങ്ങളിൽനിന്നുള്ള പാഠം എന്തുകൊണ്ടു പഠിച്ചുകൂട? രാഷ്ട്രീയമായി പരമാധികാരമുള്ള രാജ്യങ്ങളിലെ ഗ്രീക്കു് ഓർത്തഡോക്സ് സഭകൾക്കു സ്വാതന്ത്ര്യം നൽകുക എന്നുള്ളതായിരുന്നു കോൺസ്റ്റാന്റിനോപ്പിളിലെ പതിവു്. ഇപ്പോൾ ഇന്ത്യ സ്വതന്ത്രയായിരിക്കുന്ന സ്ഥിതിക്കു് നിങ്ങളുടെ സഭാപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുന്നതിനും താദൃശമായ ഒരു മാർഗ്ഗം സ്വീകരിക്കുന്നതു കൂടുതൽ യുക്തിയുക്തമായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

എന്റെ വാക്കുകൾ നിങ്ങളുടെ ഹൃദയത്തിലും ബുദ്ധിയിലും പതിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വെളിയിൽനിന്നു് എനിക്കു ലഭിച്ചിട്ടുള്ള അറിവു നിങ്ങൾക്കു തെല്ലെങ്കിലും പ്രയോജനപ്രദമാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഈ വിഷമാവസ്ഥയിൽ നിങ്ങൾക്കു സ്വല്പം സമാശ്വാസം നൽകുന്നതിനെങ്കിലും അതു് ഉപകരിക്കും. ഇങ്ങനെയുള്ള പ്രശ്നങ്ങളെ അഭിമുഖീകരിച്ചു വിഷമിക്കുന്നതു നിങ്ങൾ മാത്രമല്ലെന്നും പക്ഷേ, നിങ്ങൾക്കു ബോദ്ധ്യമായിട്ടുണ്ടായിരിക്കും. മററുള്ളവർക്കും ഈ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അവയ്ക്കുള്ള പരിഹാരം അസാദ്ധ്യമല്ലെന്നു തെളിഞ്ഞിട്ടുമുണ്ടു്. ഇക്കാര്യത്തിൽ നമുക്കു നേർവഴി കാണിച്ചുതരേണ്ടതു ദൈവമാണു്. നിങ്ങളുടെ പൗരാണികസഭയുടെ യശസ്സിനുവേണ്ടി, പ്രത്യേകിച്ചു് ഈ ലോകത്തിന്റെ വിദൂരമായ കോണിൽ നിവസിക്കുന്ന എന്റെ സഹോദരരായ നിങ്ങൾക്കു ദൈവരാജ്യം സംസിദ്ധമാകുന്നതിനുവേണ്ടി ആ മാർഗ്ഗത്തിനു സർവ്വശക്തൻ പ്രകാശം പ്രദാനംചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഉപസംഹാരപ്രസംഗം.

സോദരരെ, നിങ്ങളുടെ അപേക്ഷ ഞാൻ സന്തോഷപുരസ്സരം സ്വീകരിച്ചിരിക്കുന്നു. ഞാൻ മുൻപേ പറഞ്ഞതുപോലെ നിങ്ങൾക്കുവേണ്ടി കഴിയുന്നതെല്ലാം ചെയ്യാൻ ഞാൻ തയ്യാറാണു്. നിങ്ങളുടെ അഭ്യർത്ഥനയുടെ പിൻബലവും മലങ്കരെയുള്ള ബിഷപ്പന്മാരുടെ ഒരു തീരുമാനവും നിങ്ങൾക്കുവേണ്ടി തുടർന്നു പ്രവർത്തിക്കുന്നതിനു് എന്നെ ശക്തനാക്കിത്തീർക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എനിക്കു നിങ്ങൾക്കു നൽകാൻ കഴിയുന്ന ഏററവും വലിയ സേവനം നിങ്ങളുടെ കാര്യം പാത്രിയർക്കീസുതിരുമനസ്സിലെ സമക്ഷം സമർപ്പിക്കയെന്നതായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. സിറിയാ രാജ്യം എനിക്കു സുപരിചിതമാണു്. ഞങ്ങളുടെ സഭയും സിറിയായിലെ ഓർത്തഡോക്സ സഭയും തമ്മിൽ അത്യന്തം സൗഹാർദ്ദപൂർവ്വമാണു വർത്തിച്ചുവരുന്നതു്. ഇവിടത്തെ ജനങ്ങളിൽ തെളിഞ്ഞു പ്രകാശിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തീയ ചൈതന്യത്തെപ്പററിയുള്ള വിവരങ്ങൾ അവരുടെ സഹായത്തോടുകൂടി വി: പിതാവിനെ ഞാൻ അറിയിക്കുമ്പോൾ കാര്യം സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ലോകത്തിൽ മററല്ലായിടത്തും യുവജനങ്ങൾ പൂർവ്വികന്മാരുടെ മതത്തെ ബഹിഷ്ക്കരിച്ചു വരുമ്പോൾ ഇവിടത്തെ യുവജനങ്ങൾ സമാധാനവും സൗഹാർദ്ദവും പുന:സ്ഥാപിച്ചു സഭയുടെ പുനരുജ്ജീകരണം സാധിക്കുന്നതിനു ശ്രമിച്ചു കാണുന്നതു നിശ്ചയമായും പ്രശംസനീയമാണു്. ഈ വസ്തുതകൾ പാത്രിയർക്കീസു തിരുമേനിയെ ശരിക്കു ധരിപ്പിക്കാൻ എനിക്കു സാധിക്കുന്നപക്ഷം അദ്ദേഹത്തിനു പ്രവർത്തിക്കാതിരിക്കാൻ പാടില്ലാത്ത ഒരു അവസ്ഥ സംജാതമാകുമെന്നാണു് എന്റെ വിശ്വാസം. വിജയത്തിനു ധാരാളം സാദ്ധ്യതകൾ ഉണ്ടെന്നുള്ളതിനു സംശയമില്ല. സഭാസമാധാനത്തിനു

തിരുരക്തം.

(എം. സി. കുറിയാക്കോസ് റമ്പാൻ)

ജീവന്റെ പല ലക്ഷണങ്ങളിൽ സർവ്വപ്രധാനമായതു രക്തം ആകുന്നു. ജീവനു് ആവശ്യമുള്ള ഒവറെ സാധനങ്ങൾ ഉണ്ടു്. നമുക്കു ശ്വാസിക്കുന്നതിനു വായുവും ഭക്ഷിക്കുന്നതിനു് ആഹാരവും കുടിക്കുന്നതിനു വെള്ളവും ഒഴിച്ചുകൂടാത്തവ ആകുന്നു. അവയൊക്കെയും ശരീരത്തിനു വെളിയിൽനിന്നു ശരീരത്തിനുള്ളിലേക്കു നാം അനുഭവിക്കുന്നു. എന്നാൽ രക്തമാകട്ടെ ശരീരത്തിനുള്ളിൽ സർവ്വത്ര വ്യാപിച്ചു നിറഞ്ഞിരിക്കുന്നു. അതു ശരീരത്തിന്റെ അംശംതന്നെയത്രെ. രക്തം ചൊരിയപ്പെട്ടാൽ നാം ചത്തുപോകും. ആകയാൽ രക്തം ജീവൻതന്നെ ആകുന്നു എന്നു പറയപ്പെടാം. നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽനിന്നു് എന്നോടു നിലവിളിക്കുന്നു എന്നല്ലോ യഹോവാ കായേനോടു് അരുളിയതു്.

ജീവനും രക്തവുമായുള്ള ഈ പരസ്പരബന്ധംമൂലം സ്രഷ്ടാവുമായുള്ള മനുഷ്യവ്യാപാരങ്ങളിൽ ഒന്നു മററതിനെ സൂചിപ്പിച്ചിരുന്നു. തന്മൂലമത്രെ പാപപരിഹാരാർത്ഥം ദൈവത്തിനു മനുഷ്യൻ ബലികൾ അർപ്പിച്ചുതുടങ്ങിയതു്.

പാപത്തിന്റെ കൂലി മരണം ആകുന്നു എന്നു കായേന്റെയും ഹാബേലിന്റെയും കാലംമുതൽ—അല്ല, ആദാമിന്റെ കാലംമുതൽതന്നെ—മനുഷ്യൻ അറിഞ്ഞിരുന്നു. ഒരു മനുഷ്യൻ അവന്റെ സ്നേഹിതനുമായി പിണങ്ങിപ്പിരിഞ്ഞാൽ പരസ്പരസഖിത്വംമൂലം ആസ്വദിക്കേണ്ട സന്തോഷം മുഴുവൻ അവനു നഷ്ടമാകുന്നു. ഒരു ബാലൻ അവന്റെ അപ്പനോടു വെറുത്തു വീടുവിട്ടു് ഇറങ്ങിയാൽ പുത്രത്വത്തിൽ അനുഭവിച്ചിട്ടുള്ള സൗഭാഗ്യങ്ങളൊക്കെയും അവനു് ഇല്ലാതാകുന്നു. അപ്രകാരംതന്നെ ഒരു മനുഷ്യൻ ദൈവത്തോടു മത്സരിച്ചാൽ ദൈവത്തിന്റെ കടാക്ഷസന്തോഷം അവനു മുഴുവനായി നഷ്ടപ്പെടുന്നു. നമ്മുടെ സാക്ഷാൽ ബലം യഹോവയുടെ സന്തോഷമല്ലയോ. ആ സന്തോഷം നഷ്ടപ്പെട്ടാൽ പ്രസ്തുത നഷ്ടം എത്രയോ വലുതാണു്. ആ അകൽച്ച മരണംതന്നെ ആകുന്നുവല്ലോ. പാപത്തിന്റെ കൂലി മരണം ആകുന്നു എന്നു മാർ പൗലൂസ് പറഞ്ഞിരിക്കുന്നതു് എത്രയും സത്യമാകുന്നു.

രക്തബലി ദൈവത്തിനു് അർപ്പിച്ചുവന്നവർക്കൊക്കെയും പാപത്തിന്റെ കൂലി എന്താണെന്നു് അറിയാമായിരുന്നു. നിത്യജീവന്റെ ദേശത്തുനിന്നു് അവർ പുറത്തിറങ്ങി മരണത്താഴ്വരകളിൽ അവർ അവർക്കായി ഭവനങ്ങൾ നിർമ്മിച്ചിരുന്നു. അവർ എങ്ങനെയാണു ജീവന്റെ ദേശത്തേക്കു്, അതായതു ദൈവത്തിങ്കലേക്കു്, തിരിച്ചെത്തുക? പാപി അവന്റെ ഭ്രാന്തുപിടിച്ച സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ കേടുപാടുകൾ എങ്ങനെയാണു പരിഹരിക്കുക? എനിക്കു ദൈവത്തെക്കൊണ്ടു് ആവശ്യമില്ല എന്നു നിരൂപിച്ച പാപി ഇനി എങ്ങനെയാണു പറയുക, എന്റെ ദൈവമേ, എനിക്കു നിന്നെ ആവശ്യമാണു്: നിന്നെ കൂടാതെ യാതൊന്നും എനിക്കു ചെയ്യുവാൻ സാധിക്കയില്ല എന്നു്? അതിനു് ഒരു വഴി മാത്രമെ ഉള്ളു: ബലി അർപ്പിച്ചു്—അതായതു രക്തം ചിന്തി—അവനു ദൈവത്തെ സമീപിക്കാം.

വേണ്ടി നിങ്ങൾ മുൻകൈ എടുത്തു പ്രവർത്തിച്ചിരിക്കുന്നതിലും സമാധാനലീഗു രൂപവൽക്കരിച്ചിരിക്കുന്നതിലും ഞാൻ നിങ്ങളെ അനുമോദിക്കുന്നു. നിങ്ങളെ സഹായിക്കുന്നതിനു് എന്നോടാവശ്യപ്പെട്ടിരിക്കുന്നതു് ഒരു ബഹുമതിയായി ഞാൻ പരിഗണിക്കുന്നു. അന്തിമഫലം സർവ്വേശ്വരന്റെ ഹസ്തങ്ങളിലാണു സ്ഥിതിചെയ്യുന്നതെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. നിങ്ങളോടൊപ്പം ഞാനും പ്രാർത്ഥിക്കുന്നു. ശരിയായ മാർഗ്ഗത്തിൽകൂടി നാം പോകുന്നതിനും ദൈവഹിതം നാം അഭിലഷിക്കുന്നവിധമായിത്തീരുന്നതിനും ഇടയാകട്ടെ.

* സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട രണ്ടാമത്തെ പ്രമേയം. പ്രമേയങ്ങൾ അന്യത്ര.

അവൻ കല്ലുകൊണ്ടോ തടികൊണ്ടോ ഒരു പീഠം പണിതു. അവന്റെ ആട്ടുപററത്തിൽ നിന്നു് അവനു വിലയേറിയതും അവനെപ്പോലെതന്നെ രക്തം നിറഞ്ഞതുമായ ഒരു ആടിനെയോ കുഞ്ഞാടിനെയോ അവൻ തിരിഞ്ഞെടുത്തു. അവൻ ആ മൃഗത്തെ അവനു പകരമായി യാഗാർപ്പണംചെയ്തു. അവന്റെ ജീവനെതന്നെ അവൻ സമർപ്പിച്ചു എന്നു പറയാം. ഇതത്രെ ആരാധന. മനുഷ്യർ അവരുടെ സ്രഷ്ടാവിനെ ആരാധിക്കുമ്പോൾ അവർ സൃഷ്ടികളും സ്രഷ്ടാവിന്റെ ആശ്രിതരും ആകുന്നു എന്നു സമ്മതിക്കുകയത്രെ ചെയ്യുന്നതു്. എത്രയും ആവശ്യവും അനുഗ്രഹപ്രദവുമായ ഈ ആശ്രിതമനോഭാവത്തെ പാപം ഹനിച്ചുകളയുന്നു. യാഗാർപ്പകൻ ദൂഷണപരമായി ചിന്തിക്കുകയോ സംസാരിക്കുകയോ പ്രവത്തിക്കുകയോ ചെയ്ത സകലത്തിനും അവന്റെ യാഗാർപ്പണയാരാധനമൂലം ഞാൻപിഴയാളി ചൊല്ലുന്നു. അവന്റെ ദൈവത്തോടു് അവൻ മോചനം യാചിക്കുന്നു. മകനേ, നിന്റെ പാപങ്ങൾ നിന്നോടു മോചിച്ചിരിക്കുന്നു എന്ന ദിവ്യശബ്ദം കേട്ടതുപോലെയുള്ള മനഃസമാധാനം അവനു് അനുഭവമാകുന്നു.

യാഗാർപ്പണംമൂലം നമ്മൾ ആദ്യമായി ദൈവാശ്രയം ആവശ്യമാണെന്നും രണ്ടാമതായി പാപശിക്ഷ നീതിയാണെന്നും സമ്മതിക്കുന്നു. പാപി, അവൻ ഓമനിച്ചു വളത്തിയതും അവനു പ്രിയപ്പെട്ടതും ഊനരഹിതവും ആയ, ആടിനെ ദൈവത്തിനു് അർപ്പിച്ചതിന്റെശേഷം അവൻ തന്നെ അവന്റെ സ്വന്ത ആടിന്റെ കുരൾ അറക്കുന്നു. ഈ പ്രവത്തി അവനു് എത്രയോ മമ്മഭേദകമാണു്. എന്നാൽ അവന്റെ പാപത്തിന്റെ പ്രായശ്ചിത്തമായി ആ ദുഃഖം അവൻ അനുഭവിക്കണം. ആടിന്റെ കഴുത്തു് അറക്കുമ്പോൾ അതിന്റെ രക്തം യാഗപീഠത്തിന്മേൽ പൊരിയണം. യാഗപീഠം ദൈവത്തെയും രക്തം യാഗവസ്തുവായ കുഞ്ഞാടിന്റെ ജീവനെയും കുഞ്ഞാടു പാപിയേയും സൂചിപ്പിച്ചിരുന്നു. യാഗവസ്തുവായ കുഞ്ഞാടിന്റെ ജീവനെ കൊടുത്ത യാഗാർപ്പണം മൂലം ആക്കുവേണ്ടി ആ ആടു് കൊല്ലപ്പെട്ടുവോ ആ പാപി, അവന്റെ പാപങ്ങൾക്കുവേണ്ടി അവന്റെ രക്തം ചിന്തപ്പെടേണ്ടതായിരുന്നു, കുഞ്ഞാടിനു ഭവിച്ചതു് അവനു ഭവിക്കേണ്ടതായിരുന്നു, എന്നു് ഏറ്റുപറകയത്രെ ചെയ്തതു്. കുഞ്ഞാടിന്റെ കുരളറപ്പു് യാഗാർപ്പണരംഗത്തിലെ, വാക്കുമൂലമല്ല, പ്രവത്തിമൂലമുള്ള അനുതാപപ്രകടനം അഥവാ കുമ്പസാരം ആയിരുന്നു.

ഒരത്ഥത്തിൽ ഏവംവിധമുള്ള പല യാഗങ്ങൾ ദൈവം അംഗീകരിച്ചിട്ടുണ്ടു്, അതിൽ അവിടുന്നു പ്രസാദിച്ചിട്ടുമുണ്ടു്, എന്നു ചില യാഗാർപ്പണസമയങ്ങളിൽ സംഭവിച്ച അത്ഭുതങ്ങൾ സാക്ഷിക്കുന്നു. ജലപ്രളയാനന്തരം നോഹയുടെ പെട്ടകം അറാറാത്തുപവ്വതത്തിൽ അടിഞ്ഞപ്പോൾ അദ്ദേഹം അപ്പിച്ച യാഗത്തിൽ ദൈവം പ്രസാദിച്ചു് അദ്ദേഹത്തെയും കുടുംബത്തെയും അനുഗ്രഹിച്ചു. തന്നെ അപ്രകാരം ആരാധിക്കേണ്ടതാകുന്നു എന്നു ദൈവം പിന്നീടു കല്പന കൊടുക്കുകയും അതിനായി അഹരോന്യപൗരോഹിത്യത്തെ സ്ഥാപിക്കുകയുംചെയ്തു. കർമ്മേലിൽവച്ചു് ഏലിയാപ്രവാചകൻ അർപ്പിച്ച യാഗസാധനത്തെ സ്വർഗ്ഗത്തിൽ നിന്നു് അഗ്നി ഇറങ്ങി ദഹിപ്പിച്ചുവല്ലൊ.

വേറൊരത്ഥത്തിൽ പറഞ്ഞാൽ അപ്രകാരമുള്ള യാഗങ്ങളെ ദൈവം അംഗീകരിച്ചിട്ടില്ല. എബ്രായലേഖനകത്താവു് അതു വിശദീകരിച്ചിട്ടുണ്ടു്. "കാളകളുടെയും ആട്ടുകൊററന്മാരുടെയും രക്തത്തിനുപാപത്തെ നീക്കുവാൻ കഴിയുന്നതല്ല" 10:4. കാരണം ഓരോ യാഗവും ഓരോ ക്ഷമാപണം ആകുന്നു എന്നാതത്രെ.

ഒരുവൻ അവന്റെ സമനായ അപരനെ അവമാനിക്കുകയോ ഹസിക്കുകയോ ചെയ്താൽ അവനോടുനേരിട്ടു മാപ്പുചോദിക്കാം. എന്നാൽ അവൻ ഒരു അന്യദേശത്തു ചെന്നു് ആ രാജ്യത്തെ രാജാവിനെ അവമാനിച്ചാൽ അദ്ദേഹത്തോടു മാപ്പുചോദിക്കുന്നതുകൊണ്ടു മതിയാകയില്ല. നിന്ദയുടെ തോതു നിന്ദിക്കപ്പെടുന്നവന്റെ നിലയെ ആശ്രയിച്ചിരിക്കുന്നു. അവൻ നിന്ദിച്ചതു് ഒരു ജനത്തിന്റെ പ്രതിനിധിയായ രാജാവിനെ അത്രെ. ആകയാൽ ക്ഷമാപണം അവന്റെ രാജാവിൽനിന്നു വരണം. എന്നാൽ രാജാധിരാജാവായ ദൈവത്തിനെതിരായുള്ള കുററങ്ങൾക്കു മാപ്പുചോദിപ്പാൻ ആക്കുകഴിയും?

ഒരുവനു മാത്രമെ അതു സാധിക്കയുള്ളു: ദൈവവും മനുഷ്യനുമായ ഒരാൾ അതു ചെയ്യണം. അങ്ങനെ ഒരാൾ അവതരിച്ചു: യേശുമ്ശിഹാതന്നെ. മനുഷ്യൻ എന്ന നിലയിൽ അദ്ദേഹത്തിനു ബലിപീഠത്തിങ്കൽനിന്നുകൊണ്ടു സഹോദരമനുഷ്യനുവേണ്ടി ബലിഅർപ്പിക്കാം. അദ്ദേഹം മനുഷ്യനായിരുന്നതുകൊണ്ടു പുരോഹിതനായിരിപ്പാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. അതേസമയംതന്നെ അദ്ദേഹം ദൈവവുംകൂടെ ആയിരുന്നതുകൊണ്ട് ആ ഒരു പുരോഹിതന്റെ ക്ഷമാപണ സർവ്വശക്തനായ സ്വർഗ്ഗസ്ഥപിതാവിന്റെ അന്തസ്സിനു ഹാനികൂടാതെ അവിടുത്തെ ശ്രദ്ധയ്ക്കുവിഷയമാകാം. ഇതു നിവൃത്തിപ്പാനത്രെ ക്രിസ്തു ലോകത്തിലേക്കു വന്നതു്. ക്രിസ്തുവിന്റെ ബലി ന്യായപ്രമാണബലികളെക്കാൾ എത്രയോ മഹനീയമായതാണ് എന്നു യരുശലേമിലെ എബ്രായ ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി എബ്രായ ലേഖനകർത്താവു് 39-ാം സങ്കീർത്തനം ഉദ്ധരിച്ചുകൊണ്ടു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. "അവൻ (അതായതു ക്രിസ്തു) ലോകത്തിലേക്കു വരുമ്പോൾ അവൻ പറയുന്നു: 'ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്കു് ഒരുക്കിയിരിക്കുന്നു. സർവ്വാംഗഹോമയാഗങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല.......ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു് എഴുതിയിരിക്കുന്നു. ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു', എന്നു പറഞ്ഞുകൊണ്ടു് അവൻ രണ്ടാമത്തേതിനെസ്ഥാപിക്കുവാൻ ഒന്നാമത്തേതിനെനീക്കിക്കളയുന്നു." (10:5-9)

യേശുമ്ശിഹാ തൃക്കൈകളിൽ എടുത്ത കുഞ്ഞാടു് യഹൂദന്മാരുടെ ആട്ടുപററത്തിൽനിന്നോ പുൽമാലിയിൽനിന്നോ ഉള്ളതല്ലായിരുന്നു. അതു ദൈവത്തിന്റെ കുഞ്ഞാടുതന്നെ ആയിരുന്നു. ആ കുഞ്ഞാടു് ലോകത്തിലെ സകല പാപികളെയും സൂചിപ്പിച്ചിരുന്നു: പുരോഹിതനെ സൂചിപ്പിച്ചിരുന്നില്ല: അതു ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. അതു സകല വിധത്തിലും അദ്ദേഹത്തോടു സാമ്യമുള്ളതായിരുന്നു. ആ മഹാപുരോഹിതൻ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ അദ്ദേഹത്തിന്റെ കൈകളിൽ സ്വന്തശരീരവും സ്വന്തരക്തവും എടുത്തു.

അവർ ഭക്ഷണത്തിനു് ഇരിക്കുമ്പോൾ തന്നെ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു, വാങ്ങി ഭക്ഷിപ്പിൻ: ഇതു് എന്റെ ശരീരം ആകുന്നു എന്നു പറഞ്ഞു. പിന്നെ കാസാ എടുത്തു സ്തോത്രം ചെയ്തു് അവർക്കു കൊടുത്തു്, നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിപ്പിൻ: ഇതു് അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയപ്പെടുന്ന പുതിയനിയമപ്രകാരമുള്ള എന്റെ രക്തം ആകുന്നു. മത്താ. 26:26-28

ഈ വചനങ്ങളോടെ യേശുതമ്പുരാൻ അദ്ദേഹത്തിന്റെ ബലി തുടങ്ങി. ആയതു പാപത്തിനുവേണ്ടി ബലിസാധനമായി സ്വയയാഗമായിരുന്നു. ആ യാഗാർപ്പണം സെഹിയോൻമാളികയിൽവച്ചു് ആരംഭിച്ചു്, ഗത്സീമാനിലും പിന്നീടുമുള്ള കഷ്ടാനുഭവ നാഴികകളിൽ തുടർന്നു ഗോൽഗോത്തായിൽവച്ചു പ്രത്യക്ഷമായി സമാപിച്ചു. സ്വർഗ്ഗീയപിതാവിന്റെ മഹിമയ്ക്കെതിരായി ലോകം പറകയും പ്രവർത്തിക്കയും ചെയ്ത പാപമൊക്കയും തന്മൂലം ഹനിക്കപ്പെട്ട ആ സമയമൊക്കയും കുഞ്ഞാടു് രക്തം ചൊരിഞ്ഞുകൊണ്ടിരുന്നു. ഗത്സീമാനിൽവച്ചു രക്തം വിയർത്തു. അടി, മുൾമുടി, ആണികൾ എന്നിവമൂലം കുഞ്ഞാടിൽനിന്നു രക്തം പറപ്പെട്ടു. കടശ്ശി, ആ കുഞ്ഞാടു ചത്തു. അപ്പോൾ ഒരു പടയാളി കുന്തംകൊണ്ടു് ആ കുഞ്ഞാടിന്റെ വിലാവിൽ കുത്തി രക്തവും വെള്ളവും അവിടെനിന്നു് ഒഴുകി. ഏവംവിധം ആ യാഗം പൂർത്തിയായി.

പാപത്തിന്റെ കൂലി മരണം ആകുന്നു. മരണത്തിന്റെ വിലയായി മനുഷ്യർ അവരുടെ മഹാപുരോഹിതന്റെ രക്തം ചിന്തി. അങ്ങനെ യാഗപരമായി ലോകത്തിന്റെ പാപത്തിനു് ഒരിക്കൽ പരിഹാരമുണ്ടാക്കി. ആ രക്തം—ആ ജീവൻ—പിതാവാംദൈവത്തോടു ലോകമൊക്കയുടെയും പാപത്തിനുവേണ്ടി ക്ഷമാപണംചെയ്തു. അവിടുത്തെ മഹിമയ്ക്കു് അനുയോജ്യമായ ക്ഷമാപണം ആയിരുന്നു അതു്..

അവിടുന്നു് അതു സ്വീകരിച്ചു. അപ്രകാരം ക്രിസ്തുവിന്റെ വിലയേറിയ തിരുരക്തം നമ്മെ കഴുകി വെടിപ്പാക്കി.

ഒരുവന്റെ രക്തം അവന്റെ ശരീരത്തിൽ നിൽക്കുമ്പോൾ അതു് അവനു വിലയേറിയതാണു്. അതു ചിന്തപ്പെട്ടാൽ പരന്മാർക്കു വിലയേറിയതായി ഭവിക്കുന്നു. പടയാളി രാജ്യത്തിനുവേണ്ടിയും സഹദാ സഭയ്ക്കുവേണ്ടിയും എന്നപ്രകാരം ദൈവപുത്രൻ മനുഷ്യമക്കൾക്കുവേണ്ടി—മനുഷ്യമക്കളെ ദൈവമക്കളാക്കുവാനായി—രക്ത ചൊരിഞ്ഞു. അതിനെ ഗ്രഹിച്ചു പാപികൾ മനസ്സുതിരിഞ്ഞു ദൈവമക്കളായിത്തീരുമ്പോൾ, ദൈവപുത്രനു നഷ്ടപ്പെട്ടതു പാപികൾക്കു്—നമുക്കു്—ലാഭമായി ഭവിക്കുന്നു.

ചൊരിയപ്പെട്ട രക്തം, തന്മൂലം ജീവനെ മാത്രമല്ല സ്നേഹത്തെയും സൂചിപ്പിക്കുന്നു. സാക്ഷാൽ സ്നേഹം സ്വാർത്ഥരഹിതമത്രെ. ആ സ്നേഹം സ്നേഹസാധനത്തിനായി സദാ കൊടുത്തുകൊണ്ടിരിക്കും. എന്നാൽ പരമസ്നേഹം ത്യാഗപരമാകുന്നു: യാഗപരമാകുന്നു. ആ സ്നേഹം മരണത്തോളം-കുരിശിലെ-മരണത്തോളം കൊടുക്കുന്നു. സ്നേഹിതനുവേണ്ടി പ്രാണനെ വയ്ക്കുന്നതാണല്ലോ പരമസ്നേഹം. നമ്മുടെ രക്ഷകനായ യേശുമ്ശിഹാ നമ്മെ എത്രമാത്രം സ്നേഹിച്ചു എന്നതിനു തിരുശരീരത്തിൽനിന്നു ചൊരിഞ്ഞ വിലയേറിയ രക്തം സാക്ഷ്യം വഹിക്കുന്നു. ആകയാൽ യേശുവിന്റെ രക്തം നമുക്കു് ഇരട്ടിയായി വിലയേറിയതാണു്: അതു നമ്മുടെ രക്ഷയുടെ അടയാളവും അവിടത്തേക്കു് നമ്മോടുള്ള സ്നേഹത്തിന്റെ സാക്ഷിയും അത്രെ. യുദ്ധരംഗത്തു രക്തം ചിന്തുന്നാരുടെ സ്മരണയെ നാം ആദരിക്കുകയും നിലനിർത്തുകയും ചെയ്യുന്നു എങ്കിൽ കൊല്ലപ്പെട്ടവനും പുനരുത്ഥാനശക്തിയാൽ ഇപ്പോഴും ജീവിക്കുന്നവനും ആയ കുഞ്ഞാടിനു സ്വർഗ്ഗീയഗണങ്ങളോടുകൂടെ നിരന്തരമഹത്വം പാടുന്നതു് എത്രയോ യുക്തവും ന്യായവും ആകുന്നു. "കർത്താവിന്റെ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു."

ഈ വിലയേറിയ തിരുരക്തം തിരുശരീരത്തോടുകൂടെ വിശുദ്ധസഭയ്ക്കു് എന്നേക്കുമായി നൽകപ്പെട്ടിരിക്കുന്നു. "ഞാൻ ജീവന്റെ അപ്പം ആകുന്നു. ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയ ജീവന്റെ അപ്പം ആകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ ശരീരം ആകുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തംകുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു് ഉള്ളിൽ ജീവൻ ഇല്ല. എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും: അവനു നിത്യജീവൻ ഉണ്ടു്: അവസാനനാളിൽ ഞാൻ അവനെ ഉയിർപ്പിക്കും" എന്നു് അരുളിയവൻ ആഗ്രഹത്തോടെ ആഗ്രഹിച്ചു ശിഷ്യന്മാരോടുകൂടെ പെസഹാ ഭക്ഷിച്ചപ്പോൾ അപ്പം എടുത്തു വാഴ്ത്തി മുറിച്ചു് അവർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്നും കാസാ എടുത്തു വാഴ്ത്തി അവർക്കു കൊടുത്തു; വാങ്ങി കുടിപ്പിൻ, നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും ചൊരിയപ്പെടുന്ന എന്റെ രക്തം ആകുന്നു എന്നും അരുളുകയും ലോകാവസാനത്തോളം അവയിൽ സംബന്ധിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തുവല്ലോ. ആകയാൽ ആ വിലയേറിയ തിരുശരീരത്തിനും തിരുരക്തത്തിനും നാം ഓഹരിക്കാരത്രെ. രോഗികൾ ഏതൊരു ഔഷധവും സേവിക്കുന്നതു് അതിന്റെ രോഗസംഹാരശക്തിയും പോഷണവും അവരുടെ ശരീരത്തിൽ വ്യാപിച്ചു് അവർ സുഖശരീരികളായിത്തീരുവാനാകുന്നു. അപ്രകാരംതന്നെ പാപരോഗികളാകുന്ന നമ്മൾ തിരുശരീരരക്തങ്ങളാകുന്ന ദിവ്യ ഔഷധം അനുഭവിക്കുന്നതു് അതിന്റെ പുണ്യം—യേശുവിനുണ്ടായിരുന്ന പുണ്യം—നമ്മിൽ വ്യാപിച്ചു് അദ്ദേഹത്തെപ്പോലെ നാമും ആയിത്തീരേണ്ടുന്നതിനത്രെ എന്ന ഉപദേശവും തിരുരക്തത്തെപ്പറ്റി ചിന്തിക്കുമ്പോൾ സ്മരിച്ചിരിക്കേണ്ടതും

ഇന്ത്യൻ മിഷ്യനറിയാത്ര.

(മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, ബി.എ.ബി.ഡി, എൽ.ററി., സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ)

കിഴക്കിന്റെ കാതോലിക്കാ മോറാൻ മാർ ഗീവറുഗീസ് ബസ്സേലിയോസ് ബാവാ തിരുമനസ്സിലെ അനുമതിയോടും ആശീർവ്വാദത്തോടുംകൂടി നമ്മുടെ മിഷ്യനറിസമൂഹത്തിന്റെ സിൽവർജൂബിലിവർഷമാകുന്ന 1949 ജൂലൈ 1-ാംതീയതി കൊച്ചി-തിരുവിതാംകൂർ സംയോജനം നടന്ന ദിവസം 66 ദിവസത്തേക്ക സമൂഹം സെക്രട്ടറി തോണ്ടുപറമ്പിൽ പീലിപ്പോസ് കത്തനാരോടുകൂടി ദൈവസഹായത്താൽ ഞാൻ ഒരു അഖിലേന്ത്യാ മിഷ്യനറിയാത്ര ആരംഭിച്ചു. രാഷ്ട്രീയ സംയോജനം എന്നതുപോലെ കാതോലിക്കാ-പാത്രിയക്കീസ് കക്ഷികളുടെ സംയോജനവും അധികം താമസിക്കാതെ ഉണ്ടാകണമെന്നുള്ള പ്രാർത്ഥനയോടുകൂടിയാണ യാത്ര ആരംഭിച്ചതു്. "മലയാള മനോരമ"യിൽ യാത്രാവിശേഷങ്ങൾ എട്ടുതവണയായി ഞാൻ വിശദമായി എഴുതിയിരുന്നതുകൊണ്ടു് അവ ഇവിടെ ആവർത്തിക്കണമെന്നില്ല. യാത്രയ്ക്കു മൂന്നു് ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു:-

1 ഇന്ത്യയിൽ നാനാഭാഗങ്ങളിലും ഉദ്യോഗങ്ങൾക്കും വ്യവസായങ്ങൾക്കും വിദ്യാഭ്യാസത്തിനും മററുമായി പതിനായിരക്കണക്കിനു ചിതറിക്കിടക്കുന്ന നമ്മുടെ ജനങ്ങളുടെ ആത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കണം. ആംഗ്ലിക്കൻസഭയിൽനിന്നു വടക്കെ യൂറോപ്പിലെ ആംഗ്ലിക്കരുടെ ആവശ്യത്തിനു് ഒരു മതാദ്ധ്യക്ഷനെ നിയമിച്ചിരിക്കുന്നതുപോലെ ഇന്ത്യയുടെ വടക്കുഭാഗത്തേക്ക നമ്മുടെ ഒരു മതാദ്ധ്യക്ഷനെ നിയമിക്കേണ്ടിയിരിക്കുന്നു. ഞങ്ങളുടെ സഞ്ചാരത്തിൽ അനേകർ കുമ്പസാരിച്ചു വി. കുർബാന കൈക്കൊണ്ടു; ഒമ്പതു കുട്ടികളെ മാമോദീസാ മുക്കി; അനേകം വീടുകളിൽ കയറി കുടുംബങ്ങളെ അനുഗ്രഹിച്ചു; നമ്മുടെ സഭയുടെ സത്യവിശ്വാസാചാരങ്ങളെപ്പററിയും, ജീവിതശുദ്ധിയെപ്പററിയും പ്രസംഗിച്ചു. ജനങ്ങൾക്ക സഭയോടുള്ള ഭക്തി പ്രകടിപ്പിക്കുവാനും ഇതൊരു അവസരമായിരുന്നു. ബോമ്പെയിൽനിന്നു തെക്കുകിഴക്കോട്ടു തിരുവിതാംകൂറിലെ പർവ്വത തുരങ്കങ്ങൾപോലെയുള്ള തുരങ്കങ്ങളിൽകൂടിയാണ സുഖകരമായ "ഡക്കാൻ ക്വീൻ" എന്ന ഇലക്ട്രിക്ക് തീവണ്ടി പാഞ്ഞുപോന്നതു്. പൂനാ അടുക്കാറായപ്പോൾ വണ്ടി സ്വല്പസമയം യോദ്ധാക്കളുടെ താമസസ്ഥലമായ കക്കിയിൽ നിർത്തി. അപ്പോൾ കാണാം പത്തിരുപതു സിറിയൻ യുവാക്കന്മാർ പൂമാലയോടും പൂച്ചെണ്ടോടുംകൂടി വണ്ടിയിലേക്ക് ഇരച്ചുകയറി കൈമുത്തുന്നതു്. ചിലർ ജനാലകളിൽകൂടി അകത്തേക്ക ചാടി. പൂനായിൽ വണ്ടി നിർത്തിയപ്പോൾ പൂനാ-കക്കി മലയാളി അസോസിയേഷൻകാരും ഞങ്ങളെ പൂമാല അണിയിച്ചു.

2 സ്വാതന്ത്ര്യഭാരതത്തിൽ ഈ പൂർവ്വീകസഭ നടത്തേണ്ട മിഷ്യനറിവേലയെപ്പററിയുള്ള ബോധം നമ്മുടെ ജനങ്ങൾക്ക് ഉണ്ടാകണം. ഓർത്തഡോക്സ് സുറിയാനിസഭ എല്ലാ ഇന്ത്യൻ ക്രിസ്ത്യാനികളുടെയും അമ്മയാണു്. കുറെ മുമ്പു ബോമ്പെ സുറിയാനിപ്പള്ളിയിൽ ഒരു പുറജാതിക്കാരൻ മാമോദീസാ മുങ്ങി. വികാരി തേവർവേലിൽ ജോസഫ് കത്തനാർ എന്നോടു പറഞ്ഞതു്, ബോമ്പെപ്പള്ളിയുടെ ഒരു ഉദ്ദേശം ചുററുപാടുമുള്ള ഗ്രാമങ്ങളിലേക്ക സുവിശേഷപ്രചാരാർത്ഥം നാം കടക്കണമെന്നുള്ളതാണ് എന്നാത്രെ. തൃശ്ശിനാപ്പള്ളിയിലും പുറജാതിക്കാരിൽനിന്നു നമ്മുടെ സഭയിലേക്ക ചേന്ന ഒരു കുടുംബത്തെ ഞങ്ങൾ സന്ദർശിക്കയുണ്ടായി. കൽക്കട്ടായിൽ ഫാദർ ചക്രവർത്തിയെ ഞാൻ സന്ദർശിച്ചപ്പോൾ ബങ്കാളിലേക്ക മിഷ്യനറിവേലയ്ക്കായി നാം കടക്കുന്നതു് ഉചിത

അനുഭവപ്പെട്ടത്തേണ്ടതും ആകുന്നു. എന്തെന്നാൽ ക്രിസ്ത്യാനികളുടെ ക്രിസ്തു ആകുന്നുവല്ലൊ.

മായിരിക്കുമെന്ന് അദ്ദേഹം മുമ്പ് എനിക്ക് എഴുതിയിരുന്നതിനെ തുടർന്ന് സൂചിപ്പിക്കയുണ്ടായി. ഹൈദ്രബാദിൽ ബിഷപ്പ് മെണ്ടാൾ എന്നോട് പറഞ്ഞത് അവിടങ്ങളിൽ എണ്ണായിരം അധഃകൃതർ ഇക്കൊല്ലം അവരുടെ സഭയിലേക്ക് ചേർന്നിട്ടുണ്ടെന്നാണ്.

3 ഈ പൂർവീക സഭയെപ്പററി ഇന്ത്യയിൽ ക്രൈസ്തവരും അക്രൈസ്തവരും അറിയണം. ക്രൈസ്തവരായ സെറാംപൂരിലെ ആസാം വൈദികവിദ്യാർത്ഥികൾ, നമ്മുടെ സഭ ഒന്നാംനൂററാണ്ടിലാണ സ്ഥാപിക്കപ്പെട്ടതെന്ന കേട്ടപ്പോൾ അതിശയംകൂറുകയും, ഇതുവരെ വടക്കെ ഇന്ത്യയിലേക്ക നാം ചെന്ന രക്ഷകനെപ്പററി പറയാതിരുന്നത് എന്തുകൊണ്ടാണെന്ന ചോദിക്കയും. എന്നെ ആസാമിലേക്ക സുവിശേഷപ്രചാരത്തിനായി ക്ഷണിക്കയും

പത്രാധിപക്കുറിപ്പുകൾ

(6-ാംപേജിൻെറ ബാക്കി)

Separation of the Monophysites, p. 87, 148, 192' 197; Fr. Kelley, Church History Vol. 3. p. 44) ക്രിസ്തു "രണ്ടു സ്വഭാവങ്ങളിൽ" ആകുന്നു എന്ന പറയാതെ "രണ്ടു സ്വഭാവങ്ങളുടെ" ആകുന്നു എന്നു പറഞ്ഞതുകൊണ്ട് അവൻെറ മനുഷ്യത്വത്തെ തള്ളിക്കളയുന്നില്ല (Wigram Separation of Monophysites, p.13) നാം കർത്താവിൻെറ മനുഷ്യത്വത്തെ ആദരിക്കാതെ ഇരിക്കുന്നുവോ എന്നറിയണമെങ്കിൽ നമ്മുടെ ചരിത്രകാരന്മാരായ കൂറിലോസ്, സേവേറിയോസ്, ദിയസ്ക്കോറോസ് മുതലായവരുടെ അഭിപ്രായങ്ങളെ പരിശോധിക്കണം. കൽക്കദോൻ സുന്നഹദോസുതന്നെ ദീയസ്ക്കോറോസിനെ വേദവിപരീതി എന്നു വിളിക്കുന്നില്ല. പാപ്പായെ മുടക്കി എന്നുള്ളതാണ തന്നിൽ ആരോപിച്ച പ്രധാന കുററം. (Hefel, p. 344.) (Bright, p. 293.) ദീയസ്ക്കോറോസ് ചെയ്തതായി അദ്ദേഹത്തിൻെറ ശത്രുക്കൾ പറയുന്ന എല്ലാ ദുഷ്ക്കർമ്മങ്ങളും അദ്ദേഹം ചെയ്തതായി വിശ്വസിച്ചുകൂടായെന്നു റോമ്മാ ഗ്രന്ഥകാരനായ ഫോട്ടസ്ക്കെതന്നെ പറയുന്നുണ്ട്. (A Fortescue Lesser Eastern Churches, p. 165) കൽക്കദോനിയാ സുന്നഹദോസു കഴിഞ്ഞു രണ്ടു നൂററാണ്ടുകളിലേക്ക് അതിനെ എതിർത്തവരെ വേദവിപരീതികൾ എന്നു വിളിക്കുന്നില്ല. (Wigram p. 163) ഏകസ്വഭാവവാദിയായ തിമോത്തിയോസ് ദ്വിതീയൻ കുസ്തന്തീനോസ് പോലീസിലെ പാത്രിയക്കീസായിട്ടുണ്ട്. കൽക്കദോനിലും ബലപ്രയോഗം തീരെ ഇല്ലാതിരുന്നില്ല. (Wigram p. 11) വാസ്തവത്തിൽ കൽക്കദോനിയായിൽ നടന്നതു "വിശ്വാസസംബന്ധമായ സംഗതിയിൽ ഒരു രാഷ്ട്രീയപോരാട്ടമായിരുന്നു." (Wigram p. 5)

ഇങ്ങനെ ചരിത്രം വിളിച്ചുപറയുന്ന യഥാർത്ഥസംഭവങ്ങളെ നിഗ്രഹനം ചെയ്തു സുന്നഹദോസിൻെറ പേരുപറഞ്ഞ് ഇതരന്മാരെ സഭയ്ക്കു വെളിക്കാക്കാനും അവരെ കുററാരോപണം ചെയ്യാനും കാട്ടിക്കൂട്ടുന്ന യത്നം ബാലിശ ആത്മീയനിലയുടെ ഒരു പ്രത്യക്ഷലക്ഷണമായിട്ടേ വിചാരിക്കാൻ തരമുള്ളു. ഒന്നാംകിട റോമ്മൻ ശാസ്ത്രജ്ഞന്മാർ ഇതുപോലുള്ള സാഹസകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണ്. ചില പുത്തൻ കത്തോലിക്കർ മാത്രമാണ സഭാലഹരികൊണ്ടു നിറഞ്ഞ് ആക്ഷേപം കല്പിക്കുന്നത്. പരിശന്മാരോടും സാദോക്കായക്കാരോടും അനുരഞ്ജനമനോഭാവം കാണിച്ചിട്ടുള്ള ക്രിസ്തുവിൻെറ ആത്മാവിന് എത്രമാത്രം ചേർന്നതാണ് ഈ മനോഭാവമെന്നു ചിന്താശീലന്മാർ തീരുമാനിക്കട്ടെ. ഫ്രാൻസ്, സ്പെയിൻ, ഇററലി മുതലായ റോമൻകത്തോലിക്ക കോട്ടങ്ങൾ തകരുമാറാകുന്ന ഈ അവസാന വേളയിൽപോലും ഇടത്തുഭാഗത്തെ കള്ളനെപ്പോലെ പ്രാകുവാനും അലയ്ക്കുവാനും തുടങ്ങുന്നത് ആത്മീയ അധഃപതനത്തിൻെറ ലക്ഷണമായേ പരിഗണിക്കാൻ നിവൃത്തിയുള്ളു. കളികളിച്ചു യാക്കോബായക്കാരെ സ്വാധീനപ്പെടുത്താമെന്നു വിചാരിക്കുന്ന അല്പബുദ്ധികൾ കൽക്കദോനിനു ചരിത്രപ്രാധാന്യമായ ഒരു മറുവശമുണ്ടെന്നെങ്കിലും ഗ്രഹിച്ചാൽ കൊള്ളാമായിരുന്നു

ചെയ്തു. ഡൽഹിയിൽവച്ചു പാററ്നായിലെ മഹമ്മദീയ കോൺസാംബ്ളിമെമ്പർ മിശിഹായുടെ സ്ലീഹായായ മാർ തോമ്മാ ഇന്ത്യയിൽ സഭ സ്ഥാപിച്ചു എന്നു തൻെറ ആയുസ്സിൽ ഇദംപ്രഥമമായിട്ടാണു കേൾക്കുന്നതെന്ന് അത്ഭുതത്തോടെ പ്രസ്താവിക്കയുണ്ടായി. നമ്മുടെ സത്യവിശ്വാസാചാരങ്ങളാകുന്ന നിസ്തുല്യവും അമൂല്യവുമായ നിക്ഷേപങ്ങളെ നാം നിലവറയിൽ പൂഴ്ത്തിവയ്ക്കാതെ ഇന്ത്യാക്കാർക്കു തുറന്നു കാണിക്കേണ്ടിയിരിക്കുന്നു

ഞങ്ങൾ കിഴക്കുകൂടി വടക്കോട്ടു യാത്ര ചെയ്തു വടക്കെ ഇന്ത്യാ പടിഞ്ഞാറോട്ടു വളഞ്ഞു മദ്ധ്യ ഇന്ത്യയും കടന്നു മലയാളക്കരയിലേക്കു തിരിച്ചുപോരികയാണുണ്ടായതു്. പല കേന്ദ്രങ്ങളിൽ കോളജുകാരുടെ ആവശ്യപ്രകാരം വിദ്യാർത്ഥി വിദ്യാർത്ഥിനികളോടും, സ്വീകരണയോഗങ്ങളിൽ മററ് അനേകം ജനങ്ങളോടും ഞാൻ പ്രസംഗിക്കയുണ്ടായി. തിരുനൽവേലി ഹൈന്ദവകേന്ദ്രമായ മധുര, നമ്മുടെ സ്വന്തം ഹൈസ്കൂളുള്ള തൃശ്ശിനാപ്പിള്ളി എന്നിവ കഴിഞ്ഞു ചിദമ്പരത്തെ അണ്ണാമലയിൽ ഇടദിവസം ഞങ്ങൾ കർബാന ചൊല്ലി അനേകലക്ഷം പണം ചെലവാക്കി പണിതിട്ടുള്ള അണ്ണാമല സർവകലാശാലയുടെ എഞ്ചിനീയറിങ്ങ് പ്രിൻസിപ്പാൾ ഡാക്ടർ കെ. സി. ചാക്കൊയാണെന്നുള്ളതു സുറിയാനിക്കാർക്ക് അഭിമാനകരമാണ്. മാർ തോമ്മാസ്ലീഹായുടെ ദുക്റോനൊ ദിവസം ഞങ്ങൾ മദ്രാസിലെ നമ്മുടെ പള്ളിയിൽ കുർബാന കഴിഞ്ഞു സ്ലീഹായുടെ കബറിങ്കലേക്കു പോയി പരിശുദ്ധൻെറ മദ്ധ്യസ്ഥപ്രാർത്ഥനയാൽ സഭയിൽ വേഗം സമാധാനം ഉണ്ടാകുവാനും, ഇന്ത്യയിലെ ഈ പൂർവ്വികസഭയെ ദൈവം ശുദ്ധീകരിച്ച് അനുഗ്രഹിപ്പാനും ഇന്ത്യയിൽ അതു ദീപംപോലെ പ്രകാശിച്ചു സകല ഇന്ത്യാക്കാർക്കും വെളിച്ചം കൊടുപ്പാൻ ഇടയാകുവാനും പ്രാർത്ഥിച്ചു. വിശാഖപട്ടണത്തിൽവച്ചാണ് ഒരുദ്യോഗസ്ഥൻെറ ഭാര്യ, "ഞങ്ങൾ യാക്കോബായക്കാർ ആയിരുന്നു ഇപ്പോൾ സി എം എസ്സിലാണ്. ഞങ്ങളുടെ ചുവടു യാക്കോബായസുറിയാനിതന്നെ," എന്നു പറഞ്ഞതു്. ഇരിങ്ങാലക്കുടെ കുർബാനയിൽ സംബന്ധിച്ച ഒരാളും "ചുവട്" ഇതുതന്നെ" എന്നു മുമ്പൊരിക്കൽ എന്നോടു പറഞ്ഞതു ഞാൻ ഓർക്കുന്നു. പൂനായിൽവച്ചു കോട്ടുകുളഞ്ഞിക്കാരൻ ഒരു സി.എം.എസ്സ്.യുവാവ് ഏകദേശം നൂറുകൊല്ലം മുമ്പ് അവിടെ ഒരു സുറിയാനിപ്പള്ളി വച്ചുകൊടുപ്പാൻ ആളുകൾ സുറിയാനിമെത്രാനോട് അപേക്ഷിച്ചിട്ട് അതിന് അപ്പോൾ തനിക്കു നിവൃത്തിയില്ലെന്നും പീററുസായ്പിനോട് ഒരു പള്ളിവയ്ക്കുവാൻ അപേക്ഷിക്കണമെന്നും കല്പിച്ചതനുസരിച്ചു മന്നൂറു സുറിയാനിക്കുടുംബങ്ങൾ സി.എം.എസ്സിലേക്കു പോയെന്നും എന്നോടു പറകയുണ്ടായി. കാച്ചിയാൽ കറക്കാത്ത സുറിയാനിക്കുടുംബങ്ങൾ നമ്മുടെ ശ്രദ്ധക്കുറവുകൊണ്ടല്ലയോ സഭാമാതാവിനെ വിട്ടുപോകുവാൻ ഇടയാകുന്നതു്? കൽക്കട്ടായും ദൽഹിയും മദ്ധ്യേന്ത്യായിലെ ജബൽപൂരും കഴിഞ്ഞു ബോമ്പെയിലെത്തി സുറിയാനിക്കാരുടെ ഒരു സ്നേഹിതനായ ബോമ്പെ ഗവർണ്ണർ സർ മഹാരാജസിങ്ങ് എന്ന ഇന്ത്യൻ ക്രിസ്ത്യാനിയെ ഞങ്ങൾ സന്ദർശിച്ചു. അദ്ദേഹം ആഫ്രിക്കായിൽ ഹൈക്കമ്മീഷണർ ആയിരുന്നപ്പോൾ ഡർബാനിൽവച്ചു സുറിയാനിസഭയെപ്പററി പ്രൗഢമായ ഒരു പ്രസംഗം ചെയ്തിട്ടുണ്ടു്. ഗവർണ്ണർ സഭാസമാധാനത്തെപ്പററിയും മാർ ഈവാനിയോസ് മാതൃസഭയെ ഉപേക്ഷിച്ചതിനെപ്പററിയും ഉൽക്കണ്ഠയോടെ ഞങ്ങളോടു സംസാരിച്ചു. പൂനായിലെ ആംഗ്ലിക്കൻപള്ളിയിൽ "കൃപനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥന ചൊല്ലിക്കേട്ടപ്പോൾ, ഞങ്ങളുടെ പൂർവികന്മാരുടെ ഓർത്തഡോക്സ് വിശ്വാസത്തിൽനിന്നു മാറിയ സി എം എസ്സും മർത്തോമ്മായുമായ സുറിയാനിക്കാർ ആ പ്രാർത്ഥന വീണ്ടും ചൊല്ലിത്തുടങ്ങേണ്ടതു് ആവശ്യമാണെന്നു എനിക്കു തോന്നി. ഹൈദ്രബാദു കടന്നു ബാങ്ക്ളൂരിൽ ഞങ്ങൾ എത്തിയപ്പോൾ ജനങ്ങളുടെ കെങ്കേമമായ സ്വീകരണം ഞങ്ങളുടെ പര്യടനത്തിനു മകുടം ചാർത്തി. നാനാഭാഗങ്ങളിലും ഞങ്ങൾക്കു സഹായികളായിരുന്ന സർവ്വരേയും ഞങ്ങൾ അഭിനന്ദിക്കുന്നു.

ദൽഹി, ജബൽപൂരു്, പൂനാ, ഹൈദ്രബാദ് എന്നീ പട്ടണങ്ങളിൽ നമ്മുടെ ആളുകൾ വളരെ ഉള്ളതുകൊണ്ടു തൽക്കാലം ഭക്തിയും ഉത്സാഹവുമുള്ള കുറഞ്ഞപക്ഷം നാലു പട്ട

മലങ്കരസഭ എങ്ങോട്ട്?

(എൻ. പി. വർഗ്ഗീസ് ബി. ഏ. ബി. എൽ., എം. എൽ. ഏ.)

മലങ്കരസുറിയാനിസഭ കഴിഞ്ഞ കാൽശതാബ്ദക്കാലമായിട്ട് ആത്മീയമായും സാമുദായികമായും രാഷ്ട്രീയമായും വളരെ അധഃപതിച്ചിട്ടുണ്ടെന്നും അധഃപതിച്ചുകൊണ്ടിരിക്കുകയാണെന്നും പറയുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല

തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഒരു ഗണനീയസ്ഥാനം സുറിയാനിസഭയ്ക്കുണ്ടായിരുന്നു എന്നുള്ളതു തർക്കമററ സംഗതിയാണ്. എന്നാൽ കഴിഞ്ഞ ഇരുപത്തഞ്ചുവർഷത്തേക്കു നാമൊന്നു കണ്ണോടിക്കുന്നപക്ഷം പല സംഘടനകളും സമുദായങ്ങളും നമ്മെ മാററി നിർത്തിയിട്ട് മുന്നോട്ടു കുതിച്ചുപായുന്നതു കാണാൻ സാധിക്കും. അതിനുദാഹരണമായി നായർ സമുദായം, റോമൻകത്തോലിക്കസഭ; എസ്സ്. എൻ ഡി. പി. യോഗം ഇവയുടെ കഴിഞ്ഞ രണ്ടു ദശാബ്ദത്തെ ചരിത്രം പരിശോധിച്ചാൽ മാത്രം മതിയാകുന്നതാണ്.

സാമൂഹ്യമായും സാംസ്ക്കാരികമായും കേരളത്തെ നയിച്ചുകൊണ്ടിരുന്ന ഒരു പ്രമുഖ ജനതയാണു മലങ്കരസമുദായം. വിദ്യാഭ്യാസപരമായും വ്യാവസായികമായും കലാപരമായും പൊതുജനങ്ങൾക്കു മാർഗ്ഗദർശിത്വം സുറിയാനിക്കാർ കൊടുത്തുവന്നിരുന്നു. എന്നാൽ ഇന്നവരുടെസ്ഥിതിയെന്താണ്? പാരമ്പര്യത്തിന്റെ പ്രതിദ്ധ്വനിയിൽ ആശ്വാസംകൊണ്ടു ജീവിക്കുകയാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. എല്ലാ സമുദായങ്ങളും, കോളേജുകളും, ഹൈസ്കൂളുകളും; സമുദായോദ്ധാരണസംഘടനകളും കാർഷികകോളനികളും സ്ഥാപിക്കുന്നതിലുള്ള മത്സരത്തിൽ ജീവിക്കുമ്പോൾ നാം വെറും വീക്ഷകരായി മാത്രം നിലകൊള്ളുന്നു.

അതിപ്രധാനമായിട്ടെനിക്കു പറയുവാനുള്ളതു നമ്മുടെ ആത്മീയാധഃപതനത്തെപ്പററിയാണ്. രണ്ടായിരംവർഷത്തെ വളർച്ചകൊണ്ടും സുവിശേഷഘോഷണംകൊണ്ടും നാം വെറും അഞ്ചുലക്ഷം മാത്രമായി വർദ്ധിച്ചപ്പോൾ നമ്മിൽനിന്നും ചില അഭിപ്രായവ്യത്യാസം കൊണ്ടു പിരിഞ്ഞുപോയ റോമൻകത്തോലിക്കർ എട്ടുലക്ഷമായും മാർത്തോമ്മാക്കാർ ഒന്നരലക്ഷമായും വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു സുവിദിതമാണ്. മതപരമായും സന്മാർഗ്ഗികമായും നോക്കുമ്പോൾ നാം ഒരു ക്രിസ്തീയസഭയാണോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സ്തുതിചൊവ്വാകപ്പെട്ട വിശ്വാസങ്ങളും

ക്കാർ വടക്കോട്ടു പോകേണ്ടിയിരിക്കുന്നു. പഠിത്തക്കാരായ അവിവാഹിതപട്ടക്കാർ സ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്നതിനെക്കാൾ മഹത്തരമായ സേവനം ആയിരിക്കും വികാരിമാരായി വടക്കോട്ടു പോകുന്നതു്. നമ്മുടെ സ്കൂളുകളിൽ കണക്കും വ്യാകരണവും മററും പഠിപ്പിക്കുവാൻ മാത്തനോ രാമസ്വാമിയോ ആയാലും മതി. അദ്ധ്യാപകജോലി രാജിവച്ചു സഭാസ്നേഹംനിമിത്തം വികാരിമാരായി പോയാൽ അവർ ഒരിക്കലും പശ്ചാത്തപിക്കേണ്ടി വരികയില്ല. എല്ലാ പ്രോത്സാഹനങ്ങളും അവക്കു ലഭിക്കുന്നതാണ്. കിഴക്കെ ആഫ്രിക്കയിൽ തെരുവുകളിൽ അനേകം സുറിയാനിക്കാരെ കണ്ടുമുട്ടിയെന്നും, അവർതന്നെ ഹാർദ്ദമായി സൽക്കരിച്ചുവെന്നും, സ്നേഹത്തോടെ തഴുകിയെന്നും "ഡൽഹി"കപ്പലിലെ ഒരു സിറിയൻ യുവാവ് എന്നോട് ഈയിട പറകയുണ്ടായി. മാർ തോമ്മാശ്ലീഹാ ശീമയിൽനിന്ന് ഏതുഭാഗത്തുകൂടി വന്നുവോ ആ പേർഷ്യായിൽ എണ്ണക്കമ്പനികളിലും മററും വളരെ സുറിയാനിക്കാർ ചെന്നുകൂടിട്ടുണ്ട്. പി.കെ.അബ്രഹാംകത്തനാർ സിംഗപ്പൂരിലേക്ക് ഉടനെ പുറപ്പെടുന്നതു് ഉചിതംതന്നെ. കിഴക്കെ ആഫ്രിക്കയിലേക്കും പേർഷ്യയിലേക്കും സിലോണിലേക്കും ഓരോ പട്ടക്കാരൻ താമസംവിനാ പോകുന്നതും വളരെ നന്നായിരിക്കും.

ആചാരങ്ങളും നാം തീരെ ഉപേക്ഷിച്ച് ആധുനികഭൗതികത്വത്തിലും ആഡംബരത്തിലും സുഖത്തിലും മുഴുകിയിരിക്കുകയാണെന്നു പറഞ്ഞാൽ നിങ്ങൾ എന്നോടു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. 'ബെററിംഗ്റിംഗും കാർഡ് ടേബിളും' ഉപേക്ഷിച്ചു പ്രാർത്ഥനാലയത്തിലേക്കു പോകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ യുവാക്കന്മാരും യുവതികളും സാന്മാർഗ്ഗികമൂല്യം* ഉപേക്ഷിച്ചു കമ്മ്യൂണിസത്തിലും നാസ്തികത്വത്തിലും 'ഇൻഡിഫറൻറിസ'ത്തിലും പോകുവാൻ വലിയ താമസമില്ല. നോമ്പോ നമസ്ക്കാരമോ ശരിയായി പാലിക്കുന്നവർ നമ്മുടെയിടയിൽ എത്രപേരുണ്ടെന്ന് അവരവർതന്നെ ആലോചിച്ചാൽ മനസ്സിലാകും.

നമ്മുടെ സ്ത്രീകൾ സാമുദായപാരമ്പര്യവിശ്വാസങ്ങൾക്കും ആദർശങ്ങൾക്കും പുരുഷന്മാർക്കൊരു പിൻതുണയായിരുന്നു. കുടുംബത്തിന്റെ ഭക്തികേന്ദ്രവും സാന്മാർഗ്ഗികശിക്ഷണത്തിന്റെ സൂത്രധാരികളും അവരായിരുന്നു. പരിഷ്ക്കാരപ്പാച്ചിലിൽപെട്ടു നമ്മുടെ യുവതികളിൽ പലരും ഒരു ലക്ഷ്യശൂന്യതയിലേക്കാണോ പ്രയാണം ചെയ്യുന്നതെന്നു തോന്നത്തക്കവണ്ണം മതവിശ്വാസങ്ങളിൽനിന്നും അകന്നുവരികയാണെന്ന് അല്പം ചിന്തിക്കുന്നവർക്കെല്ലാം ബോധ്യമാകും.

ഇതിനെല്ലാം കാരണം സഭ കുത്തഴിഞ്ഞു കിടക്കുന്നതുകൊണ്ടും സഭയിൽ ശിക്ഷണബോധമില്ലാത്തതുകൊണ്ടും ഈ സമുദായവ്യവഹാരം കൊണ്ടുമാണെന്നു പറയുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. പക്ഷെ സഭയുടെ കുഴപ്പങ്ങൾക്കെല്ലാം ആന്തരികമായി നോക്കുമ്പോൾ കാരണം നമ്മുടെ ഭൗതികതാല്പര്യങ്ങളും ക്രിസ്ത്യേതരജീവിതവുമല്ലേ എന്നു വേറൊരു വശമുണ്ട്. ഏതായാലും ഒരു ദുഷിച്ച വലയത്തിൽ കിടന്നു നാം ചുററുകയാണ്. സഭയിൽ സമാധാനമുണ്ടെങ്കിൽ നാം മാതൃകാക്രിസ്തീയജീവിതം സ്വീകരിച്ചു സഭയ്ക്കു് ഉത്തമമായ ഒരു ഘടനയും സഭാംഗങ്ങൾക്കു ശരിയായ അച്ചടക്കബോധവും ഉണ്ടാകണം. അപ്രകാരം ഒരു ആത്മീയജീവൻ വരണമെങ്കിൽ സഭയിലെ വഴക്കവസാനിച്ചു സമാധാനമുണ്ടാകണം.

* Moral Values

ഇന്നത്തെ സമുദായക്കേസിന്റെ വിധിയെ ആശ്രയിച്ചു നാം നിൽക്കുന്നപക്ഷം നമ്മുടെ ഭാവി എങ്ങിനെയാണു വരാൻപോകുന്നതു്? പാത്രിയർക്കീസ് കക്ഷി ജയിച്ചാലും കാതോലിക്കോസ് കക്ഷി ജയിച്ചാലും ഫലം സഭ രണ്ടായി പിരിഞ്ഞു രണ്ടു സമുദായമായി ജീവിക്കുകയെന്നതാണ്. എല്ലാ രാജ്യങ്ങളിലും യോജിച്ച് അധികാരബ്ളോക്കുകളായി നിൽക്കുന്നതിനുള്ള സംരംഭങ്ങൾ ഊർജ്ജിതമായി നടക്കുന്ന ഇക്കാലത്ത്, വേർതിരിഞ്ഞുനിന്നിരുന്ന 562 നാട്ടുരാജ്യങ്ങൾ യോജിപ്പിച്ചു പത്തു സംസ്ഥാനങ്ങളാക്കി കരുപ്പിടിപ്പിച്ചു, അതേ ഇൻഡ്യൻയൂണിയന്റെ ഘടകങ്ങളായി രൂപാന്തരപ്പെടുത്തിയിരിക്കുന്ന ഇക്കാലത്ത്, നാം ഇനി രണ്ടു സമുദായങ്ങളായി പിരിയണമോ? നാം തന്നെ യോജിച്ചാൽ പോരാ, ഭാരതത്തിലുള്ള എല്ലാ ക്രിസ്തീയസഭകളുംകൂടി യോജിച്ച് ഒരൊററ ഇൻഡ്യൻ ചർച്ചായിത്തീരുന്നതിനു നമ്മെ നിർബന്ധിക്കുന്ന ഒരു കാലഘട്ടത്തിലേക്കു പ്രവേശിക്കുന്നു എന്നാണ് എനിക്കു തോന്നുന്നതു് ഒററയ്ക്കൊററയ്ക്കു ക്രിസ്തീയസഭകൾക്കു നിൽക്കുവാനുള്ള ശക്തിയും തന്റേടവും ഇല്ലാത്ത ഒരു പരിതസ്ഥിതി ഉണ്ടായേക്കുമെന്നെനിക്കു ഭയമുണ്ട്.

സമാധാനസ്ഥാപനത്തിനായി ഒരു പുതിയ പദ്ധതി രൂപീകരിക്കുന്നതിനോ അതിലാത്മാർത്ഥമായി പ്രവർത്തിക്കുന്നതിനോ കഴിഞ്ഞ കാലങ്ങളിലെ അനുഭവം വച്ചു നോക്കിയാൽ ഒരുത്തർക്കും അത്ര ധൈര്യം വരികയില്ല. കാരണം എത്ര സമാധാനശ്രമങ്ങളാണു പരാജയത്തിൽ കലാശിച്ചതു്! ചിലർ ചോദിക്കും, അത്മായക്കു വിശ്വാസസംബന്ധമായ സംഗതികളിൽ ഇടപെട്ടു തീർപ്പുകൽപ്പിക്കുന്നതിന് അധികാരമുണ്ടോ എന്ന്. മററു ചിലരുടെ അഭിപ്രായം രണ്ടുഭാഗത്തെയും വ്യവസ്ഥാപിതസംഘടനയുടെയും മേലദ്ധ്യക്ഷന്മാരുടെയും അധികാരമോ 'സാൻക്ഷനോ' ഇല്ലാതെയുള്ള സമാധാനശ്രമം വ്യർത്ഥമല്ലേ എന്നാണ്. യുവാക്കന്മാർ മാത്രം സഭയുടെ അദ്ധ്യക്ഷന്മാർ തമ്മിലുള്ള ആദർശത്തിലുള്ള അഭിപ്രായവ്യത്യാസം സംബന്ധിച്ച സംഗതികൾക്കു സമാപ്തിവരുത്താൻ സംരംഭം തുടങ്ങിയാൽ ഒരു പൊല്ലിയും

പൊട്ടുകയില്ലെന്നാണു ചില സ്നേഹിതന്മാരുടെ സംശയം. എന്നാൽ നാം മേലദ്ധ്യക്ഷന്മാരുടെ ഒരു വട്ടമേശസമ്മേളനം ആലുവായിൽവച്ചു നടത്തിയല്ലോ. തലമുടിനാരിൻെറ തക്കംകൊണ്ടു് അതു തകർന്നുപോയി. രണ്ടു ഭാഗത്തെയും മാനേജിങ്ങ്കമ്മിററികൾ നിയമിച്ച സമാധാന കമ്മിററികൾ ആലോചിച്ചു ചില നിർദ്ദേശങ്ങൾ നമ്മുടെ മേലദ്ധ്യക്ഷന്മാർ മുഖേന ശീമയിലേക്കയച്ചു. അതിനു മറുപടി കിട്ടിയതായിട്ടറിവില്ല. മി കെ ജോർജ്ജിൻെറ അദ്ധ്യക്ഷതയിൽ മറെറാരു ശ്രമംകൂടി നടത്തി. സമാധാനപരിശ്രമത്തിനിടയിൽ മി. കെ. സി. ചാക്കോയുടെ ജീവൻതന്നെ നഷ്ടപ്പെട്ടു. എന്നാൽ ഈ സംരംഭങ്ങളുടെ പരാജയം അതിൽ ഉൾപ്പെട്ടവരുടെ വ്യക്തിദൂഷ്യംകൊണ്ടോ മാർഗ്ഗഭ്രംശംകൊണ്ടോ സാമർത്ഥ്യക്കുറവുകൊണ്ടോ വന്നതല്ലെന്നുള്ളതു തീർച്ചയാണു്

നമ്മുടെ നേതാക്കന്മാരെയോ മേലദ്ധ്യക്ഷന്മാരെയോ കേസ്സിലെ വക്കീലന്മാരെയോ കുററംപറയുന്നതിൽ യാതൊരർത്ഥവുമില്ല തിപ്പോരിപ്രസംഗങ്ങൾകൊണ്ടോ എതിരാളികളുടെനേരെ ചെളിവാരിയെറിയുന്നതുകൊണ്ടോ കാര്യമൊന്നും ഒരിഞ്ചു മുൻപോട്ടു പോകുകയില്ല വളരെ അഗാധമായ ഏതോ കുറവുകളും കുററങ്ങളും പിശകുകളും നമുക്കുണ്ടു്. നമ്മിൽനിന്നുതന്നെയാണു നമ്മുടെ നേതാക്കന്മാരെയും മേലദ്ധ്യക്ഷന്മാരെയും നാം തെരഞ്ഞെടുക്കുന്നതു്. നമ്മുടെ സ്റ്റാൻഡാർഡാണു് അവരിൽ പ്രതിബിംബിക്കുന്നതു്. നാം ഓരോരുത്തരും ഒന്നുപോലെ ഇന്നത്തെ സ്ഥിതിഗതികൾക്കുത്തരവാദികളാണു്.

തുടരെത്തുടരെയുള്ള പരാജയത്തിൽനിന്നും ഒരു നിരാശാമനസ്ഥിതി ആർക്കെങ്കിലും ഉണ്ടാകുന്നെങ്കിൽ അതു സ്വാഭാവികമാണു്. പക്ഷെ നമ്മുടെ വീക്ഷണകോണം ഒന്നു മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഒരു അദ്ധ്യാത്മികപശ്ചാത്തലവും ഒരുക്കവും അതിനത്യാവശ്യമാണു്. രാഷ്ട്രീയാവകാശങ്ങൾ വാഗ്ദാനം ചെയ്തും വിലപേശിയും പ്രക്ഷോഭണം നടത്തിയും പിടിച്ചുവാങ്ങിക്കുന്നതുപോലെ സഭാസമാധാനകാര്യം വീക്ഷിക്കുന്നതു ശരിയല്ല ഭൗതികാസക്തിയിൽ മുഴുകിയിരിക്കുന്ന സ്നേഹിതന്മാർക്കു് ഈ വാദമുഖം ഞാനുന്നയിക്കുന്നതു് ഒരുപക്ഷെ അരോചകമായിരിക്കാം ഒരു വിനയമനസ്ഥിതിയോടുകൂടി വേണം ഈ പ്രശ്നത്തെ സമീപിക്കുവാനെന്നാണു് എൻെറ അഭിപ്രായം.

എൻെറ വിനീതബുദ്ധിയിൽ തോന്നുന്നതു്, നമുക്കേററവും അത്യാവശ്യമായിട്ടുള്ളതു ദൈവാധീനമാണു്. (Divinegrace) അതു നമുക്കുണ്ടാകണമെങ്കിൽ നമ്മുടെ ക്രൈസ്തവാദർശങ്ങളെ നാം മുറുകെ പിടിക്കണം. ഇവിടെ സംസ്ഥാപിതമായിരിക്കുന്ന കമ്മിററിക്കു് "പീസ്കമ്മിററി" എന്നാണു പേരെങ്കിലും അതു് ഒരു "റിവൈവലിസ്റ്റ് മൂവ്മെൻറി"ൻെറ അടിസ്ഥാനമായി പ്രവർത്തിക്കണം. ആ ലക്ഷ്യം വച്ചുകൊണ്ടു നമുക്കു മുൻപോട്ടു പോകാം. എല്ലാ ഇടവകകളിലും യുവാക്കന്മാർ സംഘടിച്ചു വിനീത ഹൃദയത്തോടെ സമാധാനനിരയിലേക്കു ജനങ്ങളെ ചേർക്കണം. അങ്ങനെ പ്രബലമായ ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ നമുക്കു സാധിച്ചാൽ സംഗതികൾ താനേ ശരിപ്പെടുമെന്നാണു് എൻെറ ബലമായ വിശ്വാസം. വടക്കൻഭാഗങ്ങളെപ്പററി പറയുന്നപക്ഷം അവർ സമാധാനത്തിനു് എന്നും താല്പര്യക്കാരാണെന്നു് എനിക്കുറപ്പുപറയാൻ സാധിക്കും. അവക്കു യാതൊരു വാശിയുമില്ല. രണ്ടു ഭാഗക്കാരും വേണ്ട വിട്ടുവീഴ്ചകൾ ചെയ്തു സമാധാനം ഉടനെ കൈവരുത്തണമെന്നാണു് അവരുടെ ആഗ്രഹം. നമ്മുടെ സഭയിലെ ഭൂരിഭാഗം ജനങ്ങൾ മൂവാററുപുഴ കുന്നത്തുനാട്ടു് ഈ താലൂക്കുകളിലാണു് അധിവസിക്കുന്നതെന്നുള്ള കാര്യം നിങ്ങളിൽ പലരും മനസ്സിലാക്കിയിട്ടുണ്ടോ എന്നു് എനിക്കറിയാൻ പാടില്ല. അവിടെയുള്ളവരെല്ലാംതന്നെ സമാധാനത്തിനുവേണ്ടി വളരെ ആഗ്രഹിക്കുന്നവരാണു്. പക്ഷെ അവരുടെ അഭിപ്രായങ്ങൾക്കു ശരിയായ പ്രചരണം കൊടുക്കുന്നതിനു് ഇവിടെയുള്ളവരെപ്പോലെ പരിചയം സിദ്ധിച്ചിട്ടില്ലെന്നു മാത്രമേയുള്ളു സമാധാനത്തിനുള്ള ശ്രമത്തിൽ അവരുടെ സകലവിധ സഹകരണവും ഉണ്ടാകുന്നതാണു്. ആദ്യമായി അതിലേക്കു മേലദ്ധ്യക്ഷന്മാരെ സമീപിക്കുകയാണു മക്കളായ നമ്മുടെ ചുമതല രണ്ടുഭാഗത്തെയും മേലദ്ധ്യക്ഷ

വട്ടമേശസമ്മേളനത്തിലേക്കുള്ള സമ്മതങ്ങൾ.

മലങ്കര യാക്കോബായ സഭാസമാധാനസംഘടനയുടെ പബ്ലിസിററി ഓഫീസർ മി.വി. ഏ. അലക്സാണ്ടർ ഇപ്രകാരം എഴുതുന്നു:—

സഭാമേലദ്ധ്യക്ഷന്മാരെ സമീപിച്ചു വട്ടമേശസമ്മേളനത്തിനുള്ള സ്ഥലം, തീയതി എന്നിവയെപ്പററി തിരുമേനിമാരെ മുഖദാവിൽ കണ്ടു സംസാരിക്കുന്നതിനും മററുമായി കേന്ദ്രസമിതിയിൽനിന്നു നിയുക്തമായിട്ടുള്ള നെഗോഷ്യേററിങ്ങ കമ്മിററി ആദ്യമായി തിരുവല്ലാ കട്ടപ്പുറത്തു പള്ളിയിൽ ചെന്നു നി.വ.ദി.ശ്രീ മിഖായേൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ചു സംഭാഷണം നടത്തുകയുണ്ടായി. സംഭാഷണമദ്ധ്യേ തിരുമേനി വികാരതരളിതനായി ഇപ്രകാരം പ്രസ്താവിച്ചു:—

"ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുപോരുന്ന അന്തഃഛിദ്രങ്ങളാലും കലാപങ്ങളാലും ആത്മീയമായും സാമുദായികമായും, രാഷ്ട്രീയമായും നാം എത്രമാത്രം അധഃപതിച്ചു എന്നു പറഞ്ഞറിയിക്കാവതല്ല. സഭയുടെ ഈ അധഃസ്ഥിതാവസ്ഥ കണ്ടു നമ്മുടെ മനസ്സു നീറിക്കൊണ്ടിരിക്കയാണ്. ഒരേ ഒരു രക്തമാണു നമ്മുടെ എല്ലാവരുടെയും സിരകളിൽക്കൂടി പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്. ഒരു സമുദായമെന്ന നിലയിൽ ഇന്നു നമുക്കൊരു സ്ഥാനവുമില്ല. അതോർക്കുമ്പോൾ നമ്മുടെ ഹൃദയം തകരുന്നു, രക്തം തിളയ്ക്കുന്നു. ശാശ്വതസമാധാനം സ്ഥാപിക്കുന്നതിനു നിങ്ങൾ വിളിച്ചുകൂട്ടുന്ന വട്ടമേശസമ്മേളനത്തിൽ ഭാഗഭാക്കാകുന്നതിനു നാം സർവ്വദാ സന്നദ്ധനാണു്. സമാധാനം കൈവരുത്തുന്നതിനുള്ള ആത്മാർത്ഥമായ നിങ്ങളുടെ ഏതൊരു സംരംഭത്തിലും പരിപൂർണ്ണമായി സഹകരിക്കുന്നതിൽ നാം ആരുടെയും പിന്നിലായിരിക്കുകയില്ല എന്നുറപ്പു നൽകുന്നു. (I am prepared to co-operate fully with all the deliberations of the Peace League, and assure you that I will stand second to none for it).

നി.വ.ദി.ശ്രീ മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയെ സന്ദർശിച്ചശേഷം പ്രതിനിധിസംഘം തിരുവല്ല ബഥനിപ്പള്ളിയിൽ ചെന്നു നി.വ.ദി.ശ്രീ മാർ തോമ്മസ് ദീവന്നാസ്യോസ് തിരുമേനിയെയും സന്ദർശിക്കുകയുണ്ടായി. സമുദായത്തിലെ അന്തഃഛിദ്രം മൂലം സഭയ്ക്കു നേരിട്ടിരിക്കുന്ന അധഃപതനത്തെ ഹൃദയഭേദകമാംവണ്ണം വിവരിച്ചുകൊണ്ടും, വട്ടമേശസമ്മേളനത്തിലുള്ള ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചുകൊണ്ടും തിരുമേനി പ്രസ്താവിച്ചതിപ്രകാരമാണ്:-

"സമാധാന സംസ്ഥാപനാർത്ഥം ഏതു ത്യാഗവും സഹിക്കുവാൻ നാം തയ്യാറാണ്. ഭിന്നകക്ഷികൾ തമ്മിൽ യോജിക്കുമ്പോൾ സഭയിൽ ഇടവക മെത്രാപ്പോലീത്തന്മാർ സ്വാഭാവികമായി വർദ്ധിക്കുന്നതാണല്ലോ. അങ്ങിനെവരുമ്പോൾ പാത്രിയർക്കീസ്ബാവാ തിരുമ

ന്മാർ എല്ലാവരുംകൂടി യോജിച്ചു് ഒരു മേശയ്ക്കു ചുററുമിരുന്നാലോചിക്കുമ്പോൾ നമ്മുടെ വഴക്കുകൾക്കു് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കും. അപ്രകാരം ഒരു വട്ടമേശസമ്മേളനം മൂന്നുമാസത്തിനകം വിളിച്ചുകൂട്ടണമെന്നു രണ്ടു ഭാഗത്തെയും തിരുമേനിമാരോടു് അപേക്ഷിക്കണമെന്നാണു് ഇവിടെ അവതരിപ്പിക്കാൻ എന്നെ ഏൽപ്പിച്ചിരിക്കുന്ന പ്രമേയത്തിൻെറ സാരം. ഈ പ്രമേയത്തിനു യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടാകയില്ലെന്നു് എനിക്കു പൂർണ്ണ വിശ്വാസമുണ്ടു്. നിങ്ങളുടെ അനുവാദത്തിനായി അതു ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഇത്ര വിപുലമായ രീതിയിൽ ഏററവും വിജയകരമായി ഈ യോഗം വിളിച്ചുകൂട്ടിയതിലും, യോഗത്തിൽ ഭാഗഭാക്കാകുന്നതിനും എൻെറ അഭിപ്രായം പ്രകാശിപ്പിക്കുന്നതിനും എനിക്കവസരം തന്നതിലും എനിക്കുള്ള അപാരമായ നന്ദി മലങ്കര സഭാ സമാധാനക്കമ്മിററിയോടു പ്രദർശിപ്പിച്ചുകൊള്ളട്ടെ. എൻെറ ഈ ചെറുപ്രസംഗം ക്ഷമയോടെ കേട്ടതിനു് ഇവിടെ ഹാജരായിരിക്കുന്ന എല്ലാവരോടും നന്ദിപറഞ്ഞുകൊള്ളുന്നു.

(കോട്ടയത്തു സെൻറ് തോമ്മസ് നഗറിൽവച്ചു് 1949 ഒക്ടോബർ 16-ാം നു കൂടിയ സമാധാന സമ്മേളനത്തിൽ ചെയ്ത പ്രസംഗം.)

വാർത്തകളും കുറിപ്പുകളും

മാസികാബന്ധുക്കളുടെ ശ്രദ്ധയ്ക്കു്

ഈ 4-ാംപുസ്തകം 1-ാംലക്കം കിട്ടിയാൽ ഒരു വർഷത്തെ വരിസംഖ്യയായ 3 രൂ സദയം മുൻകൂർ അയച്ചുതന്നു സഹായിക്കണമെന്നു അപേക്ഷിക്കുന്നു. തുടർന്നു മാസിക വരുത്താൻ ഉദ്ദേശിക്കുന്നില്ലാത്തവർ സദയം ആ വിവരം അറിയിക്കയും ഈ മാസിക തിരിച്ചയച്ചുതരികയും ചെയ്യണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

സഭാസമാധാനസമ്മേളനം

കോട്ടയം, 30-2-125

സഭാസമാധാനാർത്ഥം സംഘടിപ്പിച്ചിട്ടുള്ള സമാധാനലീഗിന്റെ ആഭിമുഖ്യത്തിൽ, സ്ഥലം പുത്തനങ്ങാടി കുരിശുപള്ളിയങ്കണത്തിൽ തയ്യാറാക്കപ്പെട്ട "സെന്റ് തോമ്മസ് നഗറിൽ" വച്ചു ഗ്രീസിലെ പീറ്റർരാജകുമാരന്റെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗം നടത്തപ്പെട്ടു. കൃത്യം 3 മണിക്കു സമ്മേളനസ്ഥലത്തു സന്നിഹിതനായ രാജകുമാരനെ സ്വാഗതസംഘാദ്ധ്യക്ഷൻ ഡാ. പി. റ്റി. തോമ്മസ് പാലാ

നസ്സിലെ അംഗീകാരമുള്ള ഒരു സിനഡിന്റെ തീരുമാനപ്രകാരം വേണ്ടിവന്നാൽ നമ്മുടെ ഇടവകഭരണം മിഖായേൽ മാർ ദീവന്നാസ്യോസു തിരുമേനിക്കു വിട്ടുകൊടുക്കുന്നതിനുപോലും നാം തയ്യാറാണു്. അതല്ല നമ്മുടെ മെത്രാൻസ്ഥാനംപോലും ഉപേക്ഷിക്കുന്നതിനും നാം തയ്യാറാണു് ഏററവും അവസാനം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട നമുക്കു് അതിൽ യാതൊരു കുണ്ഠിതവുമില്ല. വട്ടശ്ശേരി സമ്മേളനത്തിനുള്ള സ്ഥലവും തീയതിയും നിങ്ങൾ അറിയിക്കുന്ന മുറയ്ക്കു നാം സസന്തോഷം അതിൽ പങ്കുകൊണ്ടുകൊള്ളാം.

മററു തിരുമേനിമാരെയെല്ലാവരെയും സന്ദർശിക്കുന്നതിനു പ്രതിനിധിസംഘം ഉടൻ പുറപ്പെടുന്നതാണു്. സമുദായാംഗങ്ങൾ എല്ലാവരും സമാധാനത്തിനുവേണ്ടി ഹൃദയംഗമമായി പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു.

—•—

മ്പടം ഹാരമണിയിച്ചു സ്വീകരിച്ചു് അദ്ധ്യക്ഷപദവിയിലേക്കു് ആനയിച്ചു. സമാധാനസംഘടനാദ്ധ്യക്ഷൻ മി. റ്റി. എം. ചാക്കോയുടെ സ്വാഗതപ്രസംഗാനന്തരം അദ്ധ്യക്ഷൻ വിജ്ഞാനപ്രദവും സുദീർഘവുമായ ഉപക്രമപ്രസംഗം നടത്തി. (പ്രസംഗം 14-ാംപേജിൽ) അനന്തരം റവ. ഫാ. പി. പി. ജോസഫ് എം. ഏ, കൊച്ചി തിരുവിതാംകൂർ ഐക്യസംസ്ഥാനമന്ത്രി ശ്രീ ഈ. ജോൺ പീലിപ്പോസ് എന്നിവർ മലങ്കരസഭയിൽ സമാധാനത്തിന്റെ അത്യാവശ്യകതയെപ്പററിയും അതു കൈവരുത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററിയും ഉൽബോധജനകമായ പ്രസംഗങ്ങൾ നടത്തി. പ്രമേയങ്ങളും അവതരിപ്പിച്ചുകൊണ്ടു മെ. എൻ. പി. വറുഗീസ് ബി. ഏ. ബി. എൽ., മാത്യു ഇഞ്ചയ്ക്കലോടി, സി. പി. ജോർജ്ജ് എന്നിവരും പ്രസംഗിച്ചു. മി. കെ. കെ. അലക്സാണ്ടറിന്റെ കൃതജ്ഞതാപ്രകടനത്തോടുകൂടി സമ്മേളനം മംഗളംപര്യവസാനിച്ചു. സമ്മേളനത്തിനു വിജയമാശംസിച്ചുകൊണ്ടു വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടും മാർ തീമോത്തിയോസ്, മാർ ഗ്രീഗോറിയോസ്, മാർ പീലക്സീനോസ്, മാർ തേവോദോസ്യോസ്, മാർ തോമ്മാ ദീവന്നാസ്യോസ്, മാർ പൗലൂസ് അത്താനാസ്യോസ് എന്നീ തിരുമേനിമാരും വ. ദി. ശ്രീ. എം. പി. പത്രോസ് റമ്പാൻ അവർകളും, മാർത്തോമ്മാമെത്രാപ്പോലീത്താതിരുമേനിയും ബിഷപ്പ് ജേക്കബ് തിരുമേനിയും സന്ദേശങ്ങൾ അയച്ചിരുന്നു.

പത്രോസ്ശ്ലീഹായുടെ തിരുശേഷിപ്പുകൾ!!

"സെന്റ് പീററിന്റെ ശവകുടീരം എവിടെയാണെന്നു കണ്ടുപിടിക്കുന്നതിനു കഴിഞ്ഞ കാലങ്ങളിൽ നിരന്തര ശ്രമങ്ങൾ നടന്നുവന്നിരുന്നു. ഏ. ഡി. 64-നും, 67-നും മദ്ധ്യേ നീറോസ് സർക്കസ് എന്ന സ്ഥലത്തുവച്ചു സെന്റ് പീററിനെ തലകീഴായി കുരിശിൽ തറച്ചശേഷം അതിനടുത്തുള്ള അവിശ്വാസികളുടെ ഒരു

(ശേഷം കവർ രണ്ടാംപേജിൽ)

The Malankara Sabha.

License No. 475 dated 11 th April 1946 -- Reg. No- T- 61

വിജ്ഞാപനം.

വരിസംഖ്യ മുൻകൂർ ഒരാണ്ടേക്ക്	3	0	0
അറുമാസത്തേക്ക്	1	8	0
തപാൽ	3	8	0
ഒററപ്രതി	0	4	0

വരിസംഖ്യ മാനേജർ "മലങ്കര സഭാ മാസിക"—സുറിയാനി സെമിനാരി—കോട്ടയം എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

കൂദാശ് ഈത്താ മുതലായ ആനിദാറന്മാരുടെയും വലിയ ഞായറാഴ്ചകളുടെയും

നമസ്കാരങ്ങളിൽ ഉപയോഗിക്കേണ്ട

—പ്രുമിയോൻ—

ഭക്തിസംവർദ്ധകവും വിജ്ഞാനപൂർണ്ണവുമായ ഈ ഉത്തമ ഗ്രന്ഥം ഉത്തമ ക്രിസ്തീയ ജീവിതത്തിന്റെ പ്രചോദനം നൽകുന്നതാണ്. താഴെകാണുന്ന മേൽവിലാസത്തിൽ

ആവശ്യപ്പെടുക:

സെക്രട്ടറി, സമുദായ ആഫീസ്,

വില 3 രൂ. 8 ണ. പഴയസെമിനാരി, കോട്ടയം.

യാക്കോബായ സുറിയാനിക്കാരുടെ

കുർബ്ബാന തക്സാ.

മാർ യാക്കോബിന്റേയും, മാർ ദീവന്നാസ്യോസിന്റേയും തക്സകളും, കുർബ്ബാനക്രമവും അടങ്ങിയതു്.

— — —

ആദ്യത്തെ പതിപ്പുപോലെതന്നെ പട്ടക്കാരൻ, ശുശ്രൂഷക്കാരൻ, അയ്മേനി ഇവർ ചൊല്ലേണ്ടതു് എല്ലാം അടങ്ങിയിട്ടുള്ളതു്.

ഈ പുതിയ പതിപ്പിനുള്ള വിശേഷം—

തടിച്ച അക്ഷരങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നുള്ളതാണ്.	അക്ഷരത്തിന്റെ മാതൃകയാണിതു്.

നല്ല മേനിക്കടലാസ്സിൽ അച്ചടിച്ചു്, പുസ്തകം നല്ല പാകത്തിൽ മലർത്തി തുറക്കത്തക്കവണ്ണം തുന്നി, കാലിക്കോ ശീലകൊണ്ടു ബയൻഡുചെയ്തിട്ടുള്ളതു്.

7 ഇഞ്ചു് നീളം, 4½ ഇഞ്ചു് വീതി] [വില 2 ക.

തപാൽച്ചെലവു പുറമെ.

ഞങ്ങളുടെ കാററ്ലോഗ് സൗജന്യം.

മാനേജർ,

ഏ. ആർ. പി. പ്രസ്സ്, & ഔഷധശാല—കുന്നംകുളം.

Printed at the Town Press, Kottayam, and Published by the Rev. Fr. T. C. Jacob, Manager, Syrian Seminary, Kottayam.